23
2021
നവംബർ
ചൊവ്വ
1197
വൃശ്ചികം 7

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 191 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-191 പേജ് 4. വില 2.00 രൂപ

02 കർതാർപൂർ സാഹിബ് ഇടനാഴി വീണ്ടും തുറക്കും
03 സംസ്ഥാനത്തെ സമ്പൂർണ വാക്സിനേഷൻ 60 ശതമാനം
04 ശബരിമല തീർത്ഥാടനം : പരിശോധന ശക്തമാക്കി ഭക്ഷ്യ സുരക്ഷാ വകുപ്പ്

# ടൂറിസം പ്രതിസന്ധി സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും: മുഖ്യമന്ത്രി



തിരുവനന്തപുരം: ടൂറിസം മേഖലയിലെ പ്രതിസന്ധി നാടിൻറെ സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കോവിഡ് കാലത്ത് മുൻകാലങ്ങളിലൊന്നും ഊഹിക്കാൻ കഴിയാത്ത തരത്തിൽ ടൂറിസം മേഖലയിൽ ഒതുങ്ങൽ വേണ്ടി വന്നു. നേരിട്ട് അഞ്ച് ലക്ഷം പേർക്കും പരോക്ഷമായി 20 ലക്ഷം പേർക്കും തൊഴിൽ നൽകുന്ന മേഖലയാണിത്. കോവിഡിൻറെ ആഘാതത്തിനു ശേഷം വലിയ തിരിച്ചു വരവിനാണ് ടൂറിസം മേഖല തയാറെടുക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

കോവിഡിൻറെ ആഘാതത്തിൽ നിന്ന് കരകയറ്റുന്നതിനാണ് ടൂറിസം മേഖലയിൽ പ്രത്യേക പദ്ധതികൾ സർക്കാർ പ്രഖ്യാപിച്ചതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ആലപ്പുഴയിലെ ടൂറിസം ഫെസിലിറ്റേഷൻ കേന്ദ്രം ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ഏതൊരു വിനോദസഞ്ചാരിയെയും ആകർഷിക്കാൻ കഴിയുന്ന ഭൂപ്രകൃതിയുള്ള നാടാണ് കേരളം. ആലപ്പുഴയുടെ ഭൂപ്രകൃതിയും വലിയ തോതിൽ ടൂറിസ്റ്റുകൾക്ക് ഹരമാണ്. ആലപ്പുഴയ്ക്ക് സമ്പന്നമായ ചരിത്രവും പൈതൃകവുമുണ്ട്. അതിനാലാണ് ജില്ലയ്ക്ക് പ്രത്യേക പൈതൃക പദ്ധതി അനുവദിച്ചത്. ഏകദേശം 100 കോടി രൂപയുടെ വികസന പദ്ധതിയാണ് അവസാന ഘട്ടത്തിലെത്തി നിൽക്കുന്നത്. ആലപ്പുഴയിലെ തോടുകളുടെ നവീകരണം നടന്നുവരുന്നു.

ഇത് ജില്ലയിലെ ടൂറിസത്തിന് വലിയ ഉണർവ് നൽകും. ടൂറിസം, തീർഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചു കൊണ്ടുള്ള പിൽഗ്രിം ടൂറിസ്റ്റ് സർക്യൂട്ടിൻറെ ഭാഗമായാണ് കണിച്ചുകുളങ്ങരയിൽ ടൂറിസം ഫെസിലിറ്റേഷൻ കേന്ദ്രം ആരംഭിച്ചിരിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.



## കൊച്ചി മത്സ്യബന്ധന തുറമുഖം ലോകനിലവാരത്തിലാക്കും

കൊച്ചി: രാജ്യത്തെ കൊച്ചി, ചെന്നൈ, വിശാഖപട്ടണം, പാരാദ്വീപ് ഉൾപ്പെടെ അഞ്ചു മത്സ്യബന്ധന തുറമുഖങ്ങൾ ആധുനികവത്കരിച്ച് ലോകനിലവാരത്തിലേക്ക് ഉയർത്തുമെന്നു കേന്ദ്ര ഫിഷറീസ് സഹമന്ത്രി ഡോ. എൽ. മുരുകൻ. ഇതിൻറെ ഭാഗമായി തുറമുഖങ്ങളിൽതന്നെ ഐസ് പ്ലാൻറുകളും സംസ്കരണ സൗകര്യങ്ങളും സജ്ജീകരിക്കും.

തുറമുഖങ്ങൾ നവീകരിക്കുന്നതിലൂടെ മത്സ്യത്തൊഴിലാളികളുടെ ഉത്പന്നങ്ങൾക്ക് നല്ല വില കിട്ടുന്ന സാഹചര്യം ഉണ്ടാകുമെന്നും രാജ്യത്തെ മത്സ്യ കയറ്റുമതി 2025 ഓടെ ഒരു ലക്ഷം കോടി രൂപ എന്ന നിലയിലേക്ക് ഉയർത്തുമെന്നും അദ്ദേഹം പറഞ്ഞു.

കൊച്ചി തോപ്പുംപടി മത്സ്യബന്ധന തുറമുഖം സന്ദർശിച്ചശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. ഹൈബി ഈഡൻ എംപി, കൊച്ചി പോർട്ട് ട്രസ്റ്റ് ചെയർപേഴ്സൺ ഡോ. എം. ബീന തുടങ്ങിയവരും കേന്ദ്രമന്ത്രിക്കൊപ്പമുണ്ടായിരുന്നു. കേന്ദ്ര സമുദ്രോത്പന്ന കയറ്റുമതി വികസന അഥോറിട്ടിയുടെ കൊച്ചി ഓഫീസും ആലപ്പുഴ ജില്ലയിലുള്ള ഏഴുപുന്നയിലെ ആക്സിലറേറ്റഡ് ഫ്രീസ് ഡ്രൈയിംഗ് കമ്പനിയും മന്ത്രി സന്ദർശിച്ചു.

മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തി അവരെ സംരംഭകരും വ്യവസായികളും ആക്കി മാറ്റാനാണ് കേന്ദ്ര സർക്കാരിൻറെ ശ്രമമെന്നു മുനമ്പത്ത് സംഘടിപ്പിച്ച മത്സ്യത്തൊഴിലാളി സംഗമം ഉദ്ഘാടനം ചെയ്യവേ കേന്ദ്രമന്ത്രി പറഞ്ഞു. മുനമ്പം തുറമുഖത്തിൻറെ ആധുനികവത്കരണത്തിൻറെ കാര്യത്തിൽ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണ്. ആത്മനിർഭർ പദ്ധതി പ്രകാരം ഫിഷറീസ് മേഖലയ്ക്കായി കേന്ദ്ര സർക്കാർ നീക്കി വച്ചിരിക്കുന്നത് 20,000 കോടി രൂപയാണ്.

കടൽപ്പായൽ പോലുള്ള വസ്തുക്കളുടെ വിപണന സാധ്യതകൾ പൂർണമായും മുതലെടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും. ഇതിനായി കൂട്ടായ്മകൾ രൂപീകരിക്കാനും ഉദ്ദേശിക്കുന്നു. തമിഴ്നാട്ടിൽ പ്രത്യേക സാമ്പത്തിക മേഖലയിൽ സ്ഥാപിക്കുന്ന കടൽ പായൽ സംസ്കാരണ കേന്ദ്രത്തിൻറെ വിശദ പദ്ധതി റിപ്പോർട്ട് തയാറായി ക്കൊണ്ടിരിക്കുകയാണ്. കിസാൻ ക്രെഡിറ്റ് മാതൃകയിൽ മത്സ്യത്തൊഴിലാളികൾക്കും കാർഡുകൾ ഏർപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.

## കെ റെയിലിൽ അതിവേഗ നടപടി; ഡെപ്യൂട്ടി കളക്ടറെ നിയമിച്ചു

തിരുവനന്തപുരം: കെ റെയിൽ പദ്ധതിയിൽ അതിവേഗ നടപടികളുമായി സർക്കാർ. റെയിൽ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കലിന് ഡെപ്യൂട്ടി കളക്ടറെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവിറക്കി.

ഡെപ്യൂട്ടി കളക്ടർ അനിൽ ജോസിനെയാണ് ഭൂമി ഏറ്റെടുക്കൽ നടപടിക്കായി ചുമതലപ്പെടുത്തിയിരിക്കുന്നത്. 11 തഹസിൽദാർമാർ ഡെപ്യൂട്ടി കളക്ടർക്ക് കീഴിലുണ്ടാവും. 11 ജില്ലകളിലായി 1221 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുക.

അതേസമയം സിൽവർ ലൈൻ പദ്ധതിക്കെതിരേ കോൺഗ്രസും ബിജെപിയും രംഗത്തെത്തിയിരുന്നു. കേരളത്തിൽ സിൽവർ ലൈൻ പദ്ധതി നടപ്പിലാക്കാൻ കോൺഗ്രസ് സമ്മതിക്കില്ലെന്ന് പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ വ്യക്തമാക്കിയിരുന്നു.

കെ റെയിൽ പദ്ധതി നടപ്പാക്കാൻ അനുവദിക്കില്ലെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രനും പ്രതികരിച്ചിരുന്നു.

## മുല്ലപ്പെരിയാർ ജലനിരപ്പ് 142 അടിയാക്കാമെന്ന ഉത്തരവ് തുടരും

ന്യൂഡൽഹി: മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് കേന്ദ്ര ജലകമ്മീഷൻ അംഗീകരിച്ച റൂൾ കെർവ് പ്രകാരം നിലനിർത്തണമെന്ന ഇടക്കാല ഉത്തരവ് തുടരുമെന്ന് സുപ്രീം കോടതി. ഇതോടെ അണക്കെട്ടിലെ ജലനിരപ്പ് 142 അടിയായി ഉയർത്താൻ തമിഴ്നാടിന് സാധിക്കും.

മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച ഹർജികൾ പരിഗണിക്കുന്നത് ഡിസംബർ 10ലേക്ക് സുപ്രീം കോടതി മാറ്റി. ഒക്ടോബർ 28ന് സുപ്രീം കോടതി പുറപ്പെടിവിച്ച ഇടക്കാല ഉത്തരവിലാണ് മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് കേന്ദ്ര ജലകമ്മീഷൻ അംഗീകരിച്ച റൂൾ കെർവ് പ്രകാരം നിലനിറുത്തണമെന്ന് നിർദേശിച്ചത്.

എന്നാൽ അടിയന്തര സാഹചര്യമുണ്ടായാൽ മേൽനോട്ട സമിതി സ്ഥിതിഗതി വിലയിരുത്തി ഉചിതമായ തീരുമാനമെടുക്കണമെന്നും കോടതി ഇടക്കാല ഉത്തരവിൽ നിർദേശിച്ചിരുന്നു. കേസിൽ അന്തിമ തീരുമാനം ഉണ്ടാകുന്നതുവരെ ഈ ഉത്തരവ് തുടരുമെന്നാണ് സുപ്രീം കോടതി ഇന്ന് വ്യക്തമാക്കിയത്.

## സഞ്ജിത്ത് കൊലപാതകം: പോപ്പുലർ ഫ്രണ്ട് പ്രവർത്തകൻ അറസ്റ്റിൽ

പാലക്കാട്: ആർഎസ്എസ് പ്രവർത്തകൻ സഞ്ജിത്തിൻറെ കൊലപാതകത്തിൽ പോപ്പുലർ ഫ്രണ്ട് പ്രവർത്തകനെ പോലീസ് അറസ്റ്റ് ചെയ്തു. കൃത്യത്തിൽ പങ്കെടുത്തയാളാണ് അറസ്റ്റിലായത്. അതേസമയം ഇയാളുടെ പേരുവിവരങ്ങൾ പോലീസ് പുറത്തുവിട്ടിട്ടില്ല.

ഇന്ന് കേസുമായി ബന്ധപ്പെട്ട് മൂന്നു പേരെ പോലീസ് കസ്റ്റഡിയിലെടുത്തിരുന്നു. നെന്മാറ സ്വദേശികളായ സലാം, ഇസ്ഹാക്ക്, പാലക്കാട് സ്വദേശി സുബൈർ എന്നിവരെയാണ് കസ്റ്റഡിയിലെടുത്ത്.

കോട്ടയം മുണ്ടക്കയത്ത് ബേക്കറി തൊഴിലാളിയാണ് സുബൈർ. ഇയാളുടെ മുറിയിൽനിന്നാണ് ഇവരെ പിടികൂടിയത്. പിടിയിലായവരെ വിശദമായി ചോദ്യം ചെയ്യുകയാണെന്ന് പോലീസ് അറിയിച്ചു.

പാലക്കാട് എസ്പിയുടെ നേതൃത്വത്തിലുള്ള 34 അംഗ സംഘമാണ് കേസ് അന്വേഷിക്കുന്നത്.

## കടലിൽ ഇറക്കിയ തീരദേശ പോലീസ് പട്രോൾ ബോട്ടിന് ഇന്ധന ചോർച്ച

കോവളം: തകരാർ പരിഹരിച്ച് കടലിൽ ഇറക്കിയ തീരദേശപോലീസ് പട്രോൾ ബോട്ടിന് ഇന്ധന ചോർച്ച. എഞ്ചിൻ തകരാറിനെ തുടർന്ന് മാസങ്ങളായി കട്ടപ്പുറത്തായിരുന്ന വിഴിഞ്ഞം കോസ്റ്റൽ പൊലീസ് സ്റ്റേഷനിലെ പട്രോൾ ബോട്ടിനാണ് തകരാർ പരിഹരിച്ച് കടലിലിറക്കിയ ദിവസം തന്നെ വീണ്ടും ചോർച്ച അനുഭവപ്പെട്ടത് .ഇതോടെ കടലിലെ പട്രോളിംഗും രക്ഷാ പ്രവർത്തനവും വീണ്ടും

പ്രതിസന്ധി യിലാകുമോ എന്ന ആശങ്കയിലാണ് തീരദേശ പോലീസ്.ഇക്കഴിഞ്ഞ മേയ് 31 നാണ് വിഴിഞ്ഞം കോസ്റ്റൽ സ്റ്റേഷൻറെ ബോട്ടിലെ എൻജിൻ അഴിച്ചു പണിക്കായി ഇളക്കി കൊണ്ടു പോയത്. തകരാർ പരിഹരിച്ച് എൻജിൻ തിരികെ എത്തിച്ചു ബോട്ടിൽ ഘടിപ്പിച്ചതിനെ തുടർന്നാണ് ഇന്നലെ പട്രോൾ ബോട്ട് ക്രെയിനുപയോഗിച്ച് കടലിൽ ഇറക്കിയത്.കടലിൽ ഇറക്കി നടത്തിയ ട്രയൽ റണ്ണിലാണ് ഇന്ധന ചോർച്ചയും സ്റ്റിയറിങ് ഭാഗത്തെ തകരാറും ശ്രദ്ധയിൽ പെട്ടതെന്ന് അധികൃതർ പറഞ്ഞു.എന്നാൽ ബോട്ടിന്റെ പ്രശ്നങ്ങൾ ഉടൻ പരിഹരിച്ച് അടുത്ത ദിവസം മുതൽ

പട്രോളിങ് തുടങ്ങും എന്ന് സ്റ്റേഷൻ എസ്എച്ച്ഒ എച്ച്.അനിൽകുമാർ, എസ്ഐ പത്മകുമാർ എന്നിവർ അറിയിച്ചു.



വിഴിഞ്ഞം തീരദേശപോലീസിൻറെ പട്രോൾ ബോട്ട് ക്രെയിൻ ഉപയോഗിച്ച് കടലിൽ ഇറക്കുന്നു

## കേരളത്തിൽ ഇന്ന് കോവിഡ് സ്ഥിരീകരിച്ചവരിൽ 84 ശതമാനം പേരും വാക്സിനെടുത്തവർ; കണക്കുകൾ

തിരുവനന്തപുരം: കേരളത്തിൽ ഇന്ന് കോവിഡ് സ്ഥിരീകരിച്ചവരിൽ 85.74 ശതമാനം പേരും വാക്സിൻ സ്വീകരിച്ചവരാണ്. ഇന്നത്തെ കണക്കുപ്രകാരം 3698 പുതിയ രോഗികളിൽ 3171 പേർ വാക്സിനേഷന് അർഹരായിരുന്നു. ഇവരിൽ 420 പേർ ഒരു ഡോസ് വാക്സിനും 1500 പേർ രണ്ടു ഡോസ് വാക്സിനും എടുത്തിരുന്നു. എന്നാൽ 1251 പേർക്ക് വാക്സിൻ ലഭിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

സംസ്ഥാനത്ത് വാക്സിനേഷൻ എടുക്കേണ്ട ജനസംഖ്യയുടെ 95.7 ശതമാനം പേർക്ക് ഒരു ഡോസ് വാക്സിനും (2,55,85,045), 61 ശതമാനം പേർക്ക് രണ്ട് ഡോസ് വാക്സിനും (1,62,95,723) നൽകി.



കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ നേതൃത്വത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവക്കു തിരുവല്ല വേങ്ങൽ ബഥനി സെന്റ് ജോർജ്ജ് ഓർത്തോഡോക്സ് പള്ളിയിൽ നൽകിയ സ്വീകരണ സമ്മേളനം മന്ത്രി ജെ.ചിഞ്ചു റാണി ഉദ്ഘാടനം ചെയ്യുന്നു

## കാതോലിക്കാ ബാവ കാരുണ്യത്തിന്റെ പ്രതിരൂപം: മന്ത്രി ജെ.ചിഞ്ചു റാണി

തിരുവല്ല: പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ കാരുണ്യത്തിന്റെ പ്രതിരൂപം ആണെന്നും സമൂഹത്തിലെ കഷ്ടത അനുഭവിക്കുന്നവരുടെ കണ്ണീരൊപ്പാൻ പരിശുദ്ധ പിതാവ് ചെയ്ത കാര്യങ്ങൾ ജാതി മത ഭേദമന്യേ നൂറു കണക്കിന് ആളുകൾക്ക് ആശ്വാസമായിട്ടുണ്ടെന്നും മന്ത്രി ജെ.ചിഞ്ചു റാണി പ്രസ്താവിച്ചു. കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ നേതൃത്വത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവക്കു തിരുവല്ല വേങ്ങൽ ബഥനി സെന്റ് ജോർജ്ജ് ഓർത്തോഡോക്സ് പള്ളിയിൽ നൽകിയ സ്വീകരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഭാരത സമൂഹത്തിന്റെ വളർച്ചക്ക് ക്രൈസ്തവ സമൂഹം നൽകിയ സംഭാവന മഹതരമാണെന്നും പ്രത്യേകിച്ചു വിദ്യാഭ്യാസ ആരോഗ്യ മേഖലകളിലെ സംഭാവനകൾ മറക്കുവാൻ കഴിയില്ലെന്നും അതു പുത്തൻ തലത്തിലെത്തിക്കുവാൻ ബാവയുടെ നേതൃത്വത്തിനു കഴിയട്ടെ എന്നു മന്ത്രി ആശംസിച്ചു. കെ.സി.സി.പ്രസിഡന്റ് ബിഷപ് ഡോ. ഉമ്മൻ ജോർജ് അധ്യക്ഷത വഹിച്ചു. ആർച്ച് ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത മുഖ്യ സന്ദേശം നൽകി.

മലങ്കര ഓർത്തഡോക്സ് സഭ എന്നും എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾക്ക് ശക്തമായ സഹകരണവും നേതൃത്വവും നൽകിവരുന്നു എന്നും സഭകളുടെ ഒരുമിച്ചുള്ള പ്രവർത്തനം ശക്തമായി കൊണ്ടുപോകുന്നതിന് കെ.സി.സി.ക്കു കഴിയട്ടെ എന്നും ദൈവം മനുഷ്യന് നൽകിയിരിക്കുന്ന വിഭവങ്ങൾ എല്ലാവർക്കും ലഭിക്കത്തക്ക രീതിയിൽ വിതരണം ചെയ്യുവാൻ കഴിയണമെന്നും ദാരിദ്ര്യം മനുഷ്യ സൃഷ്ടി ആണെന്നും സഹോദരനെ തന്നെപ്പോലെ കരുതുവാനുള്ള ക്രിസ്തുവിന്റെ ആഹ്വാനം നമ്മൾ ഉൾക്കൊണ്ടു മറ്റുള്ളവർക്ക് വേണ്ടി പ്രവർത്തിക്കുവാൻ നമുക്ക് കഴിയണമെന്നും അന്ധകാരം മറ്റുവാനുള്ള പ്രവർത്തനങ്ങൾ വെല്ലുവിളിയായി ഏറ്റെടുത്തു പ്രവർത്തിക്കണമെന്നും കാതോലിക്കാ ബാവ മറുപടി പ്രസംഗത്തിൽ ഓർമിപ്പിച്ചു.

ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത, ഡോ.ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പ, അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത, മാത്യൂസ് മാർ സിൽവാനിയോസ് എപ്പിസ്കോപ്പ, കെ.സി.സി. ജനറൽ സെക്രട്ടറി ഡോ. പ്രകാശ് പി.തോമസ്, ഫാ. ചെറിയാൻ ജേക്കബ്, ജോജി പി.തോമസ് എന്നിവർ പ്രസംഗിച്ചു.




കോവിഡ് പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താനായി കളക്ടറുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗം

# 50 ആശുപത്രികളിൽ കൂടി ഇ ഹെൽത്ത്; എല്ലാ ജില്ലകളിലും വെർച്വൽ ഐടി കേഡർ

സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി 50 ആശുപത്രികളിൽ കൂടി ഇ ഹെൽത്ത് പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിന്റെയും, എല്ലാ ജില്ലകളിലും വെർചൽ ഐ.ടി. കേഡർ രൂപീകരിക്കുന്നതിന്റെയും, കെഡിസ്കിന്റെ മൂന്നു പദ്ധതികളുടെയും ഉദ്ഘാടനം നവംബർ 22ന് രാവിലെ 10.30 ന്മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിക്കും. ആരോഗ്യ മന്ത്രി വീണാ ജോർജ് അധ്യക്ഷത വഹിക്കും.

സംസ്ഥാനത്തെ ചികിത്സാ രംഗത്ത് വലിയ മാറ്റം ഉണ്ടാക്കാൻ കഴിയുന്നതാണ് ഇ ഹെൽത്ത് പദ്ധതിയെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. പൗരന് ഒരു ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ് എന്ന ലക്ഷ്യം മുൻനിർത്തി പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ വിവരസാങ്കേതികവിദ്യയുടെ പിൻബലത്തോടെ ആശുപത്രി സംവിധാനവുമായി ബന്ധപ്പെടുത്തിയാണ് ഇ ഹെൽത്ത് സംവിധാനം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഒരാൾ ഒ.പി.യിലെത്തി ചികിത്സാ നടപടികൾ പൂർത്തിയാക്കി മടങ്ങുന്നതുവരെ എല്ലാ ആരോഗ്യ സേവനങ്ങളും ഇ ഹെൽത്ത് സംവിധാനത്തിലൂടെ ഒരൊറ്റ കുടക്കീഴിൽ ഓൺലൈനിൽ വഴി ചെയ്യാൻ കഴിയും. സംസ്ഥാനത്ത് ഇതിനകം 300 ലധികം ആശുപത്രികളിൽ ഇ ഹെൽത്ത് പ്രവർത്തിക്കുന്നു. ഇതുകൂടാതെ 150 ഓളം ആശുപത്രികളിൽ കൂടി ഇ ഹെൽത്ത് പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിന് സജ്ജമായിട്ടുണ്ട്. അതിൽ വിവിധ ജില്ലകളിൽ നിന്നായി 50 ആശുപത്രികളിൽ കൂടി ഇ ഹെൽത്ത് സംവിധാനത്തിലേക്ക് മാറുകയാണ്. 150 ആശുപത്രികളിൽ കൂടി ഇ ഹെൽത്ത് പ്രവർത്തനം വ്യാപിപ്പിക്കാൻ കഴിഞ്ഞത് എൽഡിഎഫ് സർക്കാരിന്റെ ഇച്ഛാശക്തിയുടെ ഫലമായിട്ടാണെന്നും മന്ത്രി വ്യക്തമാക്കി.

തിരുവനന്തപുരം 11, കൊല്ലം 4, പത്തനംതിട്ട 4, തൃശൂർ 5, പാലക്കാട് 11, മലപ്പുറം 11, കണ്ണൂർ 4 എന്നിങ്ങനെയാണ് പുതുതായി ആശുപത്രികളിൽ ഇ ഹെൽത്ത് സംവിധാനമൊരുക്കിയിട്ടുള്ളത്. ആരോഗ്യ വകുപ്പിന്റെ വിവിധങ്ങളായ ഐ.ടി സേവനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിന് വിവരസാങ്കേതിക വിദ്യയിൽ ഏതെങ്കിലും യോഗ്യത നേടിയിട്ടുള്ളവരെയും താല്പര്യം ഉള്ളവരെയും ഉൾപ്പെടുത്തിയാണ് വെർചൽ ഐടി കേഡർ രൂപീകരിക്കുന്നത്. വിവിധ ഇ ഗവേണൻസ് പ്രോജക്ടുകൾ/ സംരംഭങ്ങൾ വിജയകരമായി നടപ്പിലാക്കുന്നതിനും അവയുടെ സുസ്ഥിര വികസനം ലൈൻ ഡിപ്പാർട്ട്മെന്റുകളിൽ ഉറപ്പാക്കുന്നതിനും വെർചൽ ഐടി കേഡർ സഹായകരമാകും.

കെ ഡിസ്ക് ആരോഗ്യ വകുപ്പിനായി മൂന്ന് എമർജിംഗ് ടെക്നോളജി പ്രോജക്ടുകളാണ് വികസിപ്പിച്ചിട്ടുള്ളത്. ഡയബറ്റിക് റെറ്റിനോപ്പതിക്ക് വേണ്ടിയുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചുള്ള ഓട്ടോമേറ്റഡ് റെറ്റിനൽ ഇമേജ് ക്വാളിറ്റി അസെസ്മെന്റ് & ഫീഡ്ബാക്ക് ജനറേഷനാണ് ആദ്യത്തേത്. തിരുവനന്തപുരം ജില്ലയിലെ 16 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നടപ്പാക്കിയ സ്മാർട്ട് ഫോൺ അധിഷ്ഠിത റെറ്റിന ഇമേജിംഗ് സംവിധാനമാണ് ഈ പദ്ധതിയിൽ ഉപയോഗിക്കുന്നത്.

ചിത്രങ്ങളുടെ ഗുണനിലവാരം സ്വയമേവ വിശകലനം ചെയ്യാനും 10 സെക്കൻഡിനുള്ളിൽ ചിത്രങ്ങളുടെ റീടേക്ക് ആവശ്യമുണ്ടോ ഇല്ലയോ എന്നതിനെക്കുറിച്ചുള്ള ഫീഡ്ബാക്ക് അറിയാനും ഈ പദ്ധതി സഹായിക്കുന്നു.

ബ്ലഡ് ബാഗ് ട്രെയ്സിബിലിറ്റിയും അനുബന്ധ രക്ത സംഭരണ കേന്ദ്രങ്ങളും എന്ന പദ്ധതിയാണ് രണ്ടാമത്തേത്. ബ്ലഡ് ബാഗുകളുടെ സംഭരണ താപനില റിയൽ ടൈം ആയി മോണിറ്റർ ചെയ്യുക എന്നതാണ് തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ പദ്ധതിയുടെ ലക്ഷ്യം. ബ്ലഡ് ബാഗുകളുടെ കാലഹരണ തീയതി, അവയുടെ താപനിലയിൽ ഉണ്ടാവുന്ന വ്യതിയാനങ്ങൾ എന്നിവ സംബന്ധിച്ച് സമയബന്ധിതമായി മുന്നറിയിപ്പ് നൽകുകയും അതുവഴി ബ്ലഡ് ബാഗുകളിൽ സംഭരിച്ച രക്തം ഉപയോഗ ശൂന്യമായി പോകുന്നത് തടയുകയും ചെയ്യുന്നു.

ബ്ലോക്ക്ചെയിൻ അധിഷ്ഠിത വാക്സിൻ കവറേജ് അനാലിസിസ് സിസ്റ്റമാണ് മൂന്നാമത്തേത്. സാർവത്രിക പ്രതിരോധ കുത്തിവയ്പ്പ് പരിപാടി ചെലവ് കുറഞ്ഞതും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി വാക്സിൻ സംബന്ധിച്ച വിശദാംശങ്ങൾ ട്രാക്ക് ചെയ്യുന്നതാണ് പദ്ധതി. തിരുവനന്തപുരം ജില്ലാ സ്റ്റോറിലും കടകംപള്ളിയിലെ കുടുംബാരോഗ്യ കേന്ദ്രത്തിലും പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയിട്ടുണ്ട്.

# ഒരു വിഭാഗത്തിന്റേയും സംവരണം അട്ടിമറിച്ചല്ല പത്തു ശതമാനം സംവരണം നടപ്പാക്കുന്നത്: മുഖ്യമന്ത്രി




മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുള്ള കമ്മീഷൻ ആരംഭിക്കുന്ന സർവെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

ഒരു വിഭാഗത്തിന്റേയും സംവരണം അട്ടിമറിച്ചുകൊണ്ടല്ല മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള പത്തു ശതമാനം സംവരണം നടപ്പാക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ കമ്മീഷൻ നടത്തുന്ന സാമൂഹ്യ സാമ്പത്തിക സർവേ ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പത്തു ശതമാനം സംവരണം പുതിയതായി ഏർപ്പെടുത്തുമ്പോൾ നേരത്തെ ഉണ്ടായിരുന്ന സംവരണം ആർക്കും നഷ്ടമാവില്ല. എന്നാൽ പത്തു ശതമാനം സംവരണം മുൻനിർത്തി വലിയ വിവാദത്തിനാണ് ചിലരുടെ ശ്രമം. നിലവിലെ സംവരണത്തെ അട്ടിമറിച്ചാണ് സാമ്പത്തിക സംവരണം സർക്കാർ നടപ്പാക്കിയതെന്ന് ചിലർ വാദിക്കുന്നു. എന്നാൽ ഇതിൽ ഒരു അട്ടിമറിയും ഉണ്ടായിട്ടില്ല. സംവരണത്തെ വൈകാരിക പ്രശ്നമാക്കി വളർത്തിയെടുത്ത് ജനങ്ങളെ ഭിന്നിപ്പിക്കാൻ നോക്കുന്നവർ യഥാർത്ഥ പ്രശ്നത്തിൽ നിന്ന് ശ്രദ്ധ തിരിച്ചുവിടുകയാണെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

പട്ടികജാതി പട്ടികവർഗക്കാർക്കും വിദ്യാഭ്യാസപരമായും സാമൂഹ്യമായും പിന്നാക്കം നിൽക്കുന്നവർക്കും സർക്കാർ ജോലിയിൽ സംവരണമുണ്ട്. അത് തുടരുക തന്നെ ചെയ്യും. അതിൽ ആർക്കും സംശയം വേണ്ട. ഓരോ സമുദായത്തിനും അർഹതപ്പെട്ട സംവരണാനുകൂല്യം മുഴുവൻ അവർക്കു തന്നെ കിട്ടുകയും ചെയ്യും. ജാതി ഘടകങ്ങൾ മാത്രമേ സംവരണത്തിന് അടിസ്ഥാനമാകാവൂ എന്നാണ് ഒരു വാദം. സാമ്പത്തിക ഘടകം മാത്രമേ അടിസ്ഥാമാക്കാവൂ എന്നാണ് മറ്റൊരു വാദം. സാമൂഹ്യ യാഥാർത്ഥ്യം ഗൗരവമായി കണക്കിലെടുത്തുള്ള സമീപനമാണ് ഇത്തരം ഒരു നടപടിയിലേക്ക് എത്തിച്ചത്. ഏതെങ്കിലും ഒരു വിഭാഗത്തിന് ആനുകൂല്യങ്ങൾ ലഭിക്കുന്നതുകൊണ്ടാണ് തങ്ങൾക്ക് ആനുകൂല്യം കിട്ടാത്തതെന്ന മട്ടിൽ വാദിക്കുന്ന ഒരു പ്രവണതയുണ്ട്. ഇത് ശരിയല്ല. എല്ലാവർക്കും ജീവിതയോഗ്യമായ സാഹചര്യം ഉണ്ടാവുക എന്നതാണ് പ്രധാനം. അടിസ്ഥാനപരമായി ഇത്തരം ഒരു അവസ്ഥയ്ക്ക് അറുതി വരുത്താൻ കൂട്ടായ പോരാട്ടമാണ് നടത്തേണ്ടത്. ആ പോരാട്ടത്തിൽ അണിനിരക്കേണ്ട വിഭാഗത്തെ ഭിന്നിപ്പിച്ച് അതിനെ ക്ഷീണിപ്പിക്കുന്ന അവസ്ഥയാണ് പരസ്പരം ആരോപണം ഉന്നയിക്കുന്നതിലൂടെ ഉണ്ടാവുകയെന്ന് നാം തിരിച്ചറിയണം. സംവരണ വിഭാഗങ്ങളും സംവരണേതരവിഭാഗങ്ങളും തമ്മിലെ സംഘർഷമല്ല, അവരെ പരസ്പരം യോജിപ്പിച്ച് സാമൂഹ്യവും സാമ്പത്തികവുമായ അവശതയ്ക്ക് എതിരായ പൊതു സമരനിരയാണ് രാജ്യത്ത് ഉയർന്നു വരേണ്ടതെന്ന് മുഖ്യമന്ത്രി പറഞ്ഞു. സംവരണേതര വിഭാഗത്തിലെ ഒരു കൂട്ടർ പരമദരിദ്രരാണ്. ഇതാണ് പത്തു ശതമാനം സംവരണമെന്ന ആവശ്യത്തിലേക്ക് എത്തുന്നതിന് ഇടയാക്കിയത്. ഇതൊരു കൈത്താങ്ങാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് പത്തു ശതമാനം സംവരണം നൽകുന്നത് സംവരണ വിരുദ്ധ നിലപാടായി മാറുന്നില്ല. എല്ലാ വിഭാഗങ്ങളിലും പിന്നാക്കം നിൽക്കുന്ന ജനങ്ങളെ കൂട്ടിയോജിപ്പിച്ച് മുന്നോട്ടു പോവുക എന്ന നിലപാടാണ് സംവരണ കാര്യത്തിലും സ്വീകരിക്കുന്നത്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് സംവരണം നൽകുന്നതിൽ സംസ്ഥാനങ്ങൾക്ക് അതത് ഇടങ്ങളിലെ സാഹചര്യങ്ങളനുസരിച്ച് മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്താമെന്ന് കേന്ദ്ര സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. അതനുസരിച്ച് റിട്ടയർഡ് ജഡ്ജ് ശശിധരൻ നായർ അദ്ധ്യക്ഷനായ കമ്മിറ്റി, കേരളത്തിലെ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ, എന്നാൽ കേന്ദ്ര മാനദണ്ഡങ്ങൾക്കു വ്യതിയാനം സംഭവിക്കാത്ത വിധത്തിൽ ശുപാർശകൾ മുന്നോട്ടുവെച്ചിരുന്നു.

സംവരണേതര വിഭാഗങ്ങളായി അംഗീകരിക്കപ്പെട്ട 164 വിഭാഗക്കാർ അഭിമുഖീകരിക്കുന്ന സാമൂഹിക -സാമ്പത്തിക പ്രശ്നങ്ങൾ പഠിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ അവർക്കു ലഭ്യമാക്കേണ്ട ആനുകൂല്യങ്ങൾ സംബന്ധിച്ച ശിപാർശകൾ പരിഗണിക്കാനും വേണ്ടി മാത്രമാണ് സർവ്വേ. ഇവർ നിലവിൽ അനുഭവിക്കുന്ന ആനുകൂല്യങ്ങളൊന്നും ഇല്ലാതാക്കുവാനോ കുറയ്ക്കുവാനോ ഉദ്ദേശിക്കുന്നില്ല. ഇവരെ ദോഷകരമായി ബാധിക്കാൻ സാധ്യതയുള്ള ഒന്നും സർവ്വേയിൽ അടങ്ങിയിട്ടില്ല. സർവ്വേയിൽ പങ്കെടുക്കുന്ന കാര്യത്തിലോ, ചോദ്യങ്ങളുടെ ഉത്തരം പറയുന്ന കാര്യത്തിലോ യാതൊരു വിധ സമ്മർദ്ദവും സർവ്വേയിൽ പങ്കെടുക്കുന്ന കുടുംബങ്ങളിലെ അംഗങ്ങളുടെ മേൽ ചെലുത്തുകയുമില്ല. പരിപൂർണ്ണ സമ്മതത്തോടെ മാത്രമേ ആളുകൾ സർവ്വേയിൽ പങ്കെടുക്കേണ്ടതുള്ളൂ. വിദഗ്ദ്ധരുമായി വിശദമായ ചർച്ചകൾ നടത്തിയ ശേഷമാണ് കമ്മീഷൻ സർവ്വേ ചോദ്യാവലി തയ്യാറാക്കിയത്. വിവിധ സംഘടനകളുമായി സംസ്ഥാന ജില്ലാ തലങ്ങളിൽ ചർച്ച നടത്തി സഹകരണം ഉറപ്പുവരുത്തിയിട്ടുണ്ട്. കേരളത്തിലെ ഗ്രാമപഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ എന്നിവയിൽ ഉൾപ്പെടുന്ന എല്ലാ വാർഡുകളിലേയും, സാമ്പത്തികമായി ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്ന അഞ്ചുവീതം കുടുംബങ്ങളെ കണ്ടെത്തി അവരിൽ നിന്നും വിവരശേഖരണം നടത്തുന്ന തരത്തിലാണ് സർവ്വേ വിഭാവനം ചെയ്തിട്ടുള്ളത്. ഈ സർവ്വേയിലൂടെ ഏതാണ്ട് ഒരു ലക്ഷത്തോളം കുടുംബങ്ങളുടെ വിവരശേഖരണം നടത്തും. അങ്ങനെ സംവരണേതര വിഭാഗങ്ങളുടെ പ്രശ്നങ്ങളെ സംബന്ധിച്ച പഠനം നടത്തുന്നതിനാവശ്യമായ വിവരങ്ങൾ ലഭിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. തദ്ദേശസ്വയംഭരണ മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. ഗതാഗത മന്ത്രി ആന്റണി രാജു മുഖ്യപ്രഭാഷണം നടത്തി.

## സ്കോളർഷിപ്പിന് അപേക്ഷിക്കാം

ആരോഗ്യഹാനിക്ക് ഇടയാക്കുന്ന ശുചീകരണ തൊഴിലുകളിൽ ഏർപ്പെടുന്നവരുടെ ഒന്ന് മുതൽ 10വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മക്കൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. തൊഴിലുടമയിൽ /സ്ഥാപനമേധാവിയിൽ നിന്നും തൊഴിൽ സംബന്ധമായ സാക്ഷ്യപത്രം സഹിതം അപേക്ഷ നവംബർ 30നകം ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾ ജില്ലാ/ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും 04742794996നമ്പറിലും ലഭിക്കും.

# സുപ്രീംകോടതി വിധി കേരള മാതൃകയ്ക്കുള്ള അംഗീകാരം: മന്ത്രി ജി.ആർ. അനിൽ

ജനങ്ങൾക്ക് ഭക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള കേരള സർക്കാരിന്റെ മാതൃകാപരമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് സുപ്രീം കോടതി വിധിയെന്ന് ഭക്ഷ്യ വകുപ്പുമന്ത്രി ജി.ആർ. അനിൽ അഭിപ്രായപ്പെട്ടു.

വിശപ്പുരഹിത കേരളം പദ്ധതിയിലൂടെ മിതവും ന്യായവുമായ വിലയ്ക്ക് ഗുണമേ യുള്ള ഭക്ഷണം ലഭ്യമാക്കുന്നതിന് ഭക്ഷ്യ വകുപ്പിന്റെ കീഴിൽ സുഭിക്ഷാ ഹോട്ടലുകൾ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ജനകീയ ഹോട്ടലുകൾ, ഭക്ഷ്യകിറ്റുകളുടെ വിതരണം തുടങ്ങിയ പദ്ധതികളിലൂടെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാക്കാവുന്ന കേരള സർക്കാരിന്റെ നടപടികൾ രാജ്യമെമ്പാടും നടപ്പിലാക്കണമെന്നാണ് സുപ്രീം കോടതി വിധി നൽകുന്ന സന്ദേശം. ഭക്ഷ്യകിറ്റുകൾ നിർത്തുന്നു എന്ന പ്രതികരണം എവിടെയും ഉണ്ടായിട്ടില്ല. പ്രയാസമനുഭവിക്കുന്ന ജനങ്ങളോടൊപ്പം നിന്നുകൊണ്ട് ഭക്ഷ്യധാന്യങ്ങൾ എത്തിച്ച് പട്ടിണിയകറ്റാൻ സർക്കാരിന് സാധിച്ചു. 13 തവണ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു. കോവിഡിന്റെ ദുരിതപൂർണ്ണമായ അന്തരീക്ഷം മാറി വരുന്ന സാഹചര്യത്തിലാണ് കിറ്റ് വിതരണം നിർത്തിയത്. സാഹചര്യമനുസരിച്ച് അക്കാര്യം പരിഗണിക്കുമെന്ന് മന്ത്രി അറിയിച്ചു.

ഭക്ഷ്യധാന്യങ്ങൾ നശിക്കുന്ന അവസ്ഥ ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനു വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കും. എല്ലാ ഭക്ഷ്യധാന്യ ഗോഡൗണുകളും ശാസ്ത്രീയമായി നവീകരിക്കും. സപ്ലൈകോ ഔട്ട്ലെറ്റുകളോ മാവേലി സ്റ്റോറുകളോ ഇല്ലാത്ത സ്ഥലങ്ങളിൽ തെരഞ്ഞെടുക്കപ്പെടുന്ന റേഷൻ കടകളിലൂടെ സബ്സിഡി ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നത് പരിഗണിക്കുമെന്ന് മന്ത്രി അറിയിച്ചു.

റേഷൻ കടകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. റേഷൻ സംബന്ധമായ പരാതികൾ രേഖാമൂലം പരാതിപ്പെട്ടികളിൽ നിക്ഷേപിക്കാം. ഇത്തരം പരാതികൾ ഉദ്യോഗസ്ഥർ പരിശോധിച്ച് തുടർനടപടി സ്വീകരിക്കും.

സംസ്ഥാനത്ത് റദ്ദു ചെയ്ത റേഷൻകടകൾ സംബന്ധിച്ച ഫയലുകൾ ജില്ലാ സപ്ലൈ ഓഫീസുകളിൽ സംഘടിപ്പിക്കുന്ന ഫയൽ അദാലത്തിലൂടെ തീർപ്പാക്കും. കോഴിക്കോട് ജില്ലയിൽ സംഘടിപ്പിച്ച ഫയൽ അദാലത്തിൽ ഭക്ഷ്യ മന്ത്രി ജി.ആർ.അനിൽ നേരിട്ട് പങ്കെടുത്തു.

ജില്ലയിൽ നിന്ന് ലഭിച്ച 40 പരാതികളിൽ 13 എണ്ണം പരിഹരിച്ചു. 23 പരാതികൾ പരിഹരിക്കുന്നതിന് സമയം അനുവദിച്ചു.

നാല് പരാതികൾ തള്ളി. ഭക്ഷ്യ സിവിൽ സപ്ലൈസ് ഡയറക്ടർ ഡോ. ഡി.സജിത് ബാബു, ഉത്തര മേഖലാ റേഷനിംഗ് ഡെപ്യൂട്ടി കൺട്രോളർ കെ.മനോജ് കുമാർ, ജില്ലാ സപ്ലൈ ഓഫീസർ കെ.രാജീവ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## ശബരിമലയിൽ ദേവസ്വം അനൗൺസ്മെന്റ് സംവിധാനം 24 മണിക്കൂറും

ദേവസ്വം പബ്ലിക് റിലേഷൻസ് വിഭാഗത്തിന് കീഴിൽ സന്നിധാനത്ത് വലിയ നടപ്പന്തലിൽ ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന പബ്ലിസിറ്റി അനൗൺസ്മെന്റ് സംവിധാനം. അയ്യപ്പഭക്തൻമാർക്കുള്ള വിവിധ അറിയിപ്പുകൾ മലയാളം, തമിഴ്, തെലുങ്ക്, കന്നട ഹിന്ദി, ഇംഗ്ളീഷ് തുടങ്ങിയ ഭാഷകളിൽ നല്കുക, തിരുനട തുറക്കുമ്പോഴും, അടയ്ക്കുമ്പോഴും ഗാനങ്ങൾ പ്ലേ ചെയ്യുക, കൂട്ടം തെറ്റിയ ഭക്തജനങ്ങളെ സംബന്ധിച്ച് അറിയിപ്പ് നല്കുക, നഷ്ടപ്പെട്ടു/കളവുപോകുന്ന വിലപിടിപ്പുള്ള സാധനങ്ങൾ സംബന്ധിച്ച അറിയിപ്പ് നല്കുക തുടങ്ങിയവയാണ് പബ്ലിസിറ്റി അനൗൺസ്മെന്റ് സംവിധാനത്തിന്റെ ദൈനംദിന പ്രവർത്തനം.

തെലുങ്ക്, കന്നട, തമിഴ് അനൗൺസ്മെന്റ് നടത്തുന്നത് ബാംഗളൂർ സ്വദേശി ആർ.എം.ശ്രീനിവാസാണ്. മലയാളം അനൗൺസ്മെന്റ് ചെയ്യുന്നത് കോഴഞ്ചേരി ഗോപാലകൃഷ്ണനാണ്. ഇംഗ്ലിഷ്, ഹിന്ദി അനൗൺസ്മെന്റ് കരുനാഗപ്പള്ളി സ്വദേശി അഖിലാണ്. ദേവസ്വം പിആർഒ സുനിൽ അരുമാനൂരിന്റെ നേതൃത്വത്തിൽ 15 പേർ രണ്ട് ഷിഫ്റ്റുകളിലായാണ് ദേവസ്വം അനൗൺസ്മെന്റ് സംവിധാനത്തിന്റെ പ്രവർത്തനം.

അയ്യപ്പൻമാർ ഫോണിലൂടെ ചോദിക്കുന്ന സംശയങ്ങൾക്കും ഇവിടെ നിന്നും മറുപടി നല്കുന്നുണ്ട്.

## വാക്ക് ഇൻ ഇന്റർവ്യൂ

കേരള പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ കേരള മഹിള സമഖ്യ സൊസൈറ്റിയുടെ കീഴിൽ ഇടുക്കി ജില്ലയിൽ പ്രവർത്തിക്കുന്ന മഹിള ശിക്ഷൺ കേന്ദ്രത്തിൽ ഫുൾ ടൈം റസിഡൻഷ്യൽ ടീച്ചർ, അഡീഷണൽ ടീച്ചർ എന്നീ തസ്തികകളിൽ നിർദ്ദിഷ്ട യോഗ്യതയുള്ള സ്ത്രീ ഉദ്യോഗാർത്ഥികൾക്കായി വാക്ക്ഇൻ ഇന്റർവ്യൂ നടത്തും. അപേക്ഷകർ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യാഗ്യത, പ്രായം, പ്രവർത്തി പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ സഹിതം നവംബർ 27 ന് രാവിലെ 10.30 ന് അടിമാലി പഞ്ചായത്ത് ഹാളിൽ നടത്തുന്ന ഇന്റർവ്യൂവിൽ ഹാജരാകണം. ഫുൾ ടൈം റസിഡൻഷ്യൽ ടീച്ചർക്ക് ബിരുദം, ബി. എഡ് ആണ് യോഗ്യത. ഹോണറേറിയം മാസം 11,000 രൂപ. അഡീഷണൽ ടീച്ചർക്ക് വിദ്യാഭ്യാസ യോഗ്യത ബിരുദമാണ്. ഹോണറേറിയം മാസം 9,000 രൂപ. ഇരു തസ്തികകളിലും ഉദ്യോഗാർത്ഥിക്ക് 23 വയസ് പൂർത്തിയായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.k-er-a-l-a-sam-a-k-hy-a.or-g, ഇമെയിൽ: k-er-a-l-a-sam-a-k-hy-a@gm-a-i-l.com

# 1069 ശുചിമുറികളും 60 ഷവർ ബാത്ത് സംവിധാനവും സജ്ജം

ശബരിമല സന്നിധാനത്തും പമ്പയിലും നിലയ്ക്കലുമായി ദേവസ്വം ബോർഡ് സജ്ജമാക്കിയിരിക്കുന്നത് 1069 ശൗചാലയങ്ങൾ.

കനത്ത മഴയെ തുടർന്ന് ഒഴുക്ക് അപകടകരമായതിനാൽ പമ്പാ സ്നാനം അനുവദിക്കാത്ത സാഹചര്യത്തിൽ അയ്യപ്പന്മാർക്ക് ശുചിയാകുന്നതിന് 60 ഷവർ ബാത്ത് സംവിധാനവും പമ്പ അന്നദാന മണ്ഡപത്തിനു സമീപം സജ്ജീകരിച്ചിട്ടുണ്ട്. നിലവിൽ സന്നിധാനത്ത് 575ഉം പമ്പയിൽ 134ഉം നിലയ്ക്കൽ 360ഉം ശൗചാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

സന്നിധാനത്ത് വലിയ നടപന്തലിന് കിഴക്ക് ഭാഗത്ത് നാല് ബ്ലോക്കുകളിലായി 150 ഉം, ഭസ്മകുളം ഡീസൽ ടാങ്കിന് സമീപം 150 ഉം, പാണ്ടിത്താവളം വച്ച് ടവറിന് സമീപം 80 ഉം, മഗുണ്ടാ അയ്യപ്പാലയത്തിന് സമീപം 75 ഉം സൗജന്യമായി ഉപയോഗിക്കാവുന്ന ശൗചാലയങ്ങൾ ഉണ്ട്. കൂടാതെ, കൂടാതെ പണം നൽകി ഉപയോഗിക്കാവുന്ന 120 ശുചി മുറികളുമുണ്ട്.

പമ്പയിൽ നിന്നും സന്നിധാനത്തേക്ക് തീർഥാടകർ എത്തുന്ന സ്വാമി അയ്യപ്പൻ റോഡിൽ സ്ത്രീകൾക്കായി അഞ്ച് മൂത്രപ്പുരകളും പുരുഷന്മാർക്കായി ആറ് മൂത്രപ്പുരകളും 30 ബയോ ടോയ്ലറ്റുകളും ഒരുക്കിയിട്ടുണ്ട്.

നിലയ്ക്കലിൽ 360 ശുചിമുറികളിൽ 260 കണ്ടെയ്നർ ടോയ്ലറ്റും 100 സ്ഥിര ശുചിമുറികളും ഉണ്ട്.

വരും ദിവസങ്ങളിൽ തീർഥാടകരുടെ എണ്ണം കൂടുന്നതിന് അനുസരിച്ച് കൂടുതൽ ശുചിമുറികൾ തുറക്കുമെന്നും എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടെന്നും ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ വി. കൃഷ്ണകുമാര വാര്യർ പറഞ്ഞു.

## ക്രിസ്തുമസ് പുതുവത്സര ബമ്പർ പ്രകാശനം

സംസ്ഥാന ഭാഗ്യക്കുറിയുടെ ഈ വർഷത്തെ ക്രിസ്തുമസ് പുതുവത്സര ബമ്പർ 21 ന് പ്രകാശനം ചെയ്യും.

പി.ആർ.ഡിയുടെ പി ആർ ചേംബറിൽ രാവിലെ 9.30 ന് ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ ഗതാഗത മന്ത്രി അഡ്വ. ആന്റണി രാജുവിന് നൽകിയാണ് ടിക്കറ്റ് പ്രകാശനം ചെയ്യുന്നത്.

കഴിഞ്ഞ തവണ ക്രിസ്തുമസ് നവവത്സര ബമ്പർ ടിക്കറ്റുകൾ അച്ചടിച്ചതിൽ സാധുവായ മുഴുവൻ ടിക്കറ്റുകളും വിറ്റഴിഞ്ഞിരുന്നു. ഇത്തവണ 24 ലക്ഷം ടിക്കറ്റുകളാണ് അച്ചടിച്ചിട്ടുള്ളത്. വില്പനയ്ക്കനുസൃതമായി ആവശ്യമെങ്കിൽ കൂടുതൽ അച്ചടിക്കും.

12 കോടി രൂപയാണ് ഒന്നാം സമ്മാനം. ടിക്കറ്റ് വില 300രൂപ. പൂജാ ബമ്പർ 2021ന്റെ നറുക്കെടുപ്പും ഞായറാഴ്ച നടക്കും.

ഉച്ചയ്ക്ക് 2 മണിക്ക് ഗോർഖീ ഭവനിലാണ് നറുക്കെടുപ്പ്.

5 കോടി രൂപയാണ് ഒന്നാം സമ്മാനം. മുൻവർഷം പൂജാ ബമ്പർ 30 ലക്ഷം ടിക്കറ്റുകളാണ് അച്ചടിച്ചത്. ഇത്തവണ 37 ലക്ഷം അച്ചടിച്ചു. മുഴുവൻ ടിക്കറ്റുകളും വിറ്റു.

## കോഷൻ ഡെപ്പോസിറ്റ് വിതരണം

എഴുകോൺ സർക്കാർ പോളിടെക്നിക് കോളേജിൽ 200809 മുതൽ 2016 17 വരെ കാലയളവിൽ പഠിച്ച വിദ്യാർത്ഥികളുടെ കരുതൽധനം (കോഷൻ ഡെപ്പോസിറ്റ്) നവംബർ 27 മുതൽ ഡിസംബർ 15 വരെ വിതരണം ചെയ്യും.

അർഹരായവർ കൈപ്പറ്റിയില്ലെങ്കിൽ സർക്കാരിലേക്ക് ഒടുക്കും.



പാളയംകുന്ന് ഗവ.എച്ച്.എസ്.എസ്സിൽ നിർമ്മിച്ച ബഹുനില മന്ദിരങ്ങളുടെ ഉദ്ഘാടനം

# ബാലാവകാശങ്ങളെ കുറച്ച് അവബോധം സൃഷ്ടിക്കുന്നത് മാധ്യമ കടമ: ജസ്റ്റിസ് മുഹമ്മദ് നിയാസ്

കുട്ടികൾക്ക് നിയമം അനുശാസിക്കുന്ന അവകാശങ്ങളെ കുറിച്ച് സമൂഹത്തെ ബോധ്യപ്പെടുത്തേണ്ടത് മാധ്യമങ്ങളുടെ കടമയാണെന്ന് ഹൈക്കോടതി ജസ്റ്റിസ് മുഹമ്മദ് നിയാസ് സി.പി പറഞ്ഞു.

സാർവ്വദേശീയ ശിശുദിനത്തോടനുബന്ധിച്ച് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ മസ്ക്കറ്റ് ഹോട്ടലിൽ നടത്തിയ 'കുട്ടികളുടെ അവകാശ സംരക്ഷണ നിയമങ്ങളും മാധ്യമങ്ങളും' എന്ന വിഷയത്തിലെ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള അവകാശങ്ങളെ പറ്റി മാധ്യമങ്ങളിലൂടെ സമൂഹത്തിൽ അവബോധം സൃഷ്ടിക്കണമെന്ന് കമ്മീഷൻസ് ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് ആക്ട് 2005ൽ കൃത്യമായി പറയുന്നുണ്ട്. മാധ്യമ വാർത്തകൾക്ക് സമൂഹം വലിയ ആധികാരികത കല്പിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ കുട്ടികളുടെ നിയമപരമായ അവകാശങ്ങളെയും ആനുകൂല്യങ്ങളെയും കുറിച്ച് സമൂഹത്തെ ബോധ്യപ്പെടുത്തുവാൻ മാധ്യമങ്ങൾക്കപ്പുറം ആർക്കും സാധിക്കില്ല.

ഇരകളായ കുട്ടികളെ തിരിച്ചറിയാവുന്ന തരത്തിൽ മാധ്യമങ്ങൾ വാർത്ത കൊടുക്കരുത്. പോക്സോ കേസുകളിൽ ഇരയുടെ പേരു മാത്രമല്ല ഇരയെ തിരിച്ചറിയാവുന്ന തരത്തിൽ ഇരയുമായി ബന്ധപ്പെട്ടവരുടെയോ ഇരയുടെ പരിസരത്തെ പറ്റിയോ റിപ്പോർട്ട് ചെയ്യുന്നത് കുറ്റകരമാണെന്ന് അദ്ദേഹം പറഞ്ഞു.

അതിക്രമങ്ങൾക്ക് ഇരകളാകുന്ന കുട്ടികൾ സമൂഹത്തിൽ ഒറ്റപ്പെടാതിരിക്കാനും അവരെ സാധാരണ ജീവിതത്തിലേക്ക് തിരിച്ചെത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുമാണ് ഇരയുടെ പേരും മറ്റു വിവരങ്ങളും പുറത്ത് വിടരുതെന്ന് നിയമം അനുശാസിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

കുട്ടികളെ അടിമകളായല്ല മറിച്ച് സാമൂഹത്തിന്റെ മുന്നേറ്റത്തിനുള്ള ചാലകശക്തികളായാണ് കാണേണ്ടതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർമാൻ കെ.വി മനോജ് കുമാർ പറഞ്ഞു.

സാമൂഹിക അവബോധത്തിന്റെ കുറവ് മാധ്യമങ്ങൾക്കുണ്ടെന്നും നവമാധ്യമങ്ങളുടെ കടന്നുവരവോടെ മാധ്യമങ്ങൾ ഏതെന്നും വാർത്ത എന്തെന്നും നിർവചിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും ചടങ്ങിൽ മുഖ്യാതിഥിയായ രാജ്യസഭാംഗം ജോൺ ബ്രിട്ടാസ് പറഞ്ഞു.

മുതിർന്ന പൗരൻമാർക്ക് തുല്യമായ അവകാശങ്ങളാണ് ഇന്ത്യൻ ഭരണഘടന കുട്ടികൾക്ക് നൽകിയിട്ടുള്ളതെന്ന് മുഖ്യപ്രഭാഷണം നടത്തിയ അഡ്വക്കേറ്റ് ജനറൽ കെ. ഗോപാലകൃഷ്ണ കുറുപ്പ് പറഞ്ഞു.

കേരള സർവ്വകലാശാല അസിസ്റ്റൻറ് പ്രൊഫസർ ഡോ. കെ അരുൺകുമാർ സെമിനാറിൽ വിഷയാവതരണം നടത്തി. കമ്മീഷൻ അംഗങ്ങളായ റെനി ആൻറണി, കെ. നസീർ, അനിത ദാമോദരൻ തുടങ്ങിയവർ പങ്കെടുത്തു. സ്കൂൾ, ജേണർലിസം വിദ്യാർത്ഥികളും മാധ്യമപ്രവർത്തകരും സെമിനാറിൽ പങ്കെടുത്തു.

# മൃഗസംരക്ഷണ മേഖലയിലെ പുതുസംരംഭകർക്ക് സഹായം ഉറപ്പാക്കും: മന്ത്രി ജെ. ചിഞ്ചു റാണി

മൃഗസംരക്ഷണമേഖലയിലെ പുതുസംരംഭകർക്ക് ആവശ്യമായ പിന്തുണ ഉറപ്പാക്കുമെന്ന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി.

കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ നേതൃത്വത്തിൽ ചാണപ്പാറ സ ാർഗദായിനി ഗ്രന്ഥശാലയിൽ സംഘടിപ്പിച്ച കുടുംബശ്രീ യൂണിറ്റുകൾ മുഖേനയുള്ള തീറ്റപ്പുൽ കൃഷി പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പ്രവാസികൾ ഉൾപ്പെടെ ധാരാളം സംരംഭകർ കന്നുകാലി, ആടുവളർത്തൽ മേഖലയിലേക്ക് എത്തുന്നുണ്ട്. ഇവർക്ക് കൂടുതൽ പ്രയോജനകരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും. 50 ശതമാനം സബ്സിഡിയോടുകൂടി ധന സഹായവും ലഭ്യമാക്കും.

ക്ഷീരമേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള കുടുംബശ്രീ പ്രവർത്തകർക്കായാണ് തീറ്റപ്പുൽകൃഷി പരിശീലനം. വിലകൂടിയ കാലിത്തീറ്റ വാങ്ങി നൽകേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് കൃഷി സഹായകരമാകും. ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേനയും ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട് എന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഒരേക്കർ വീതമുള്ള 500 യൂണിറ്റ് പുൽകൃഷിത്തോട്ടം ഏഴ് ജില്ലകളിൽ സ്ഥാപിക്കും. ഒരു യൂണിറ്റ് പുൽകൃഷിത്തോട്ടം സ്ഥാപിക്കുന്നതിന് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 16,000 രൂപ വരെ ധനസഹായം നൽകും. തിരഞ്ഞെടുത്ത കുടുംബശ്രീ പ്രവർത്തകർക്ക് ശാസ്ത്രീയമായ രീതിയിൽ കൃഷി നടത്തുന്നതിനും പരിപാലിക്കുന്നതിനും ഉള്ള പരിശീലനവും നൽകും. തീറ്റപ്പുൽ ഇനങ്ങളുടെ നടീൽവസ്തുക്കൾ കെ.എൽ.ഡി ബോർഡ് ആവശ്യാനുസരണം സൗജന്യമായി ലഭ്യമാക്കും.

നടീൽവസ്തുക്കളുടെ വിതരണോദ്ഘാടനം ഇട്ടിവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി. അമൃത നിർവഹിച്ചു. ചടങ്ങിൽ ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലതിക വിദ്യാധരൻ അധ്യക്ഷയായി. ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. സുജ ടി. നായർ, ഡെപ്യൂട്ടി ഡയറക്ടർ ബി. എസ്. നിഷ, കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ വി. ആർ. അജു, കെ.എൽ.ഡി.ബി മാനേജിങ് ഡയറക്ടർ ഡോ. ജോസ് ജെയിംസ്, മാനേജർ പെഴ്സനൽ ഡി. ജയകുമാർ, കൊട്ടാരക്കര താലൂക്ക് ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ജെ. സി. അനിൽ തുടങ്ങിയവർ പങ്കെടുത്തു.

# പി.ശ്രീരാമകൃഷ്ണൻ നോർക്ക റൂട്ട്സ് റസി.വൈസ് ചെയർമാൻ

നോർക്ക റൂട്ട്സിന്റെ റസിഡന്റ് വൈസ് ചെയർമാനായി പി.ശ്രീരാമകൃഷ്ണൻ നിയമിതനായി. 2016 മുതൽ 2021 വരെ കേരള നിയമസഭാ സ്പീക്കറായിരുന്ന പി.ശ്രീരാമകൃഷ്ണൻ, പ്രവാസി മലയാളികൾക്കായി ലോകകേരള സഭ എന്ന പൊതുവേദി യാഥാർഥ്യമാക്കുന്നതിൽ നിർണായക പങ്കുവഹിച്ചിട്ടുണ്ട്.

പതിനാലാം കേരള നിയമസഭ സ്പീക്കർ എന്ന നിലയിൽ പല മാറ്റങ്ങൾക്കും അദ്ദേഹം നേതൃത്വം നൽകി. പി.ശ്രീരാമകൃഷ്ണൻ ആവിഷ്കരിച്ചു നടപ്പാക്കിയ നൂതനവും ക്രിയാത്മകവുമായ പല നടപടികളും ദേശീയ അംഗീകാരം നേടി. ഭരണഘടനയുടെ പ്രാധാന്യം ഉയർത്തിപ്പിടിച്ചുകൊണ്ട് നിയമനിർമാണ പ്രക്രിയയിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്താനും ജനകീയ ഇടപെടൽ സാധ്യമാക്കാനുമുള്ള നിരവധി ഉദ്യമങ്ങൾ അദ്ദേഹത്തിന്റെ കാലത്തുണ്ടായി.

ലോകകേരള സഭ, ഇ വിധാൻ സഭ, സമ്പൂർണ കടലാസുരഹിത വിധാൻ സഭ, സെന്റർ ഫോർ പാർലമെന്റ് സ്റ്റഡീസ് ആന്റ് ട്രെയിനിംഗിന്റെ പരിഷ്കരണം, പുതിയ കോഴ്സുകൾ, സ്കൂൾ ഓഫ് പോളിസിസ്, ഫെസ്റ്റിവൽ ഓൺ ഡെമോക്രസി എന്ന പുതിയ പദ്ധതി, ആയിരം ഭരണഘടനാ ക്ലാസ്സുകൾ, സാക്ഷരതാ മിഷനുമായി ചേർന്നുള്ള വിവിധ പരിപാടികൾ തുടങ്ങിയവ പരിഗണിച്ചുകൊണ്ട് ഇന്ത്യയിലെ ഏറ്റവും മികച്ച സ്പീക്കർക്കുള്ള അവാർഡ് അദ്ദേഹത്തിന് ലഭിച്ചിരുന്നു.

കേരളാ സ്റ്റേറ്റ് യൂത്ത് വേൽഫെയർബോർഡിന്റെ വൈസ് ചെയർമാനായി അഞ്ചു വർഷം പ്രവർത്തിക്കുകയും ബോർഡിന്റെ പ്രവർത്തനങ്ങളിൽ നിർണായകമായ മാറ്റങ്ങൾ കൊണ്ടുവരികയും ചെയ്ത വ്യക്തിയാണ്. മൂവായിരത്തിലധികം യുവജനക്ലബ്ബുകൾ, യൂത്ത് ബ്രിഗേഡ് തുടങ്ങിയവ സംഘടിപ്പിച്ചു. രാജ്യത്താദ്യമായി കേരള യൂത്ത് ഫോറം തിരുവനന്തപുരത്തും മലപ്പുറത്തുമായി സംഘടിപ്പിക്കാനും അദ്ദേഹം മുൻകയ്യെടുത്തു.

# രണ്ടാം ഡോസ് വാക്സിനേഷൻ വേഗത്തിൽ പൂർത്തീകരിക്കണം: മുഖ്യമന്ത്രി

രണ്ടാം ഡോസ് വാക്സിനേഷൻ വേഗത്തിൽ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കോവിഡ് അവലോകന യോഗത്തിൽ നിർദ്ദേശിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ രണ്ടാം ഡോസ് വാക്സിൻ എടുക്കാൻ കാലാവധിയായവരുടെ വിവരം ശേഖരിക്കണം. അത്തരക്കാരെ കണ്ടെത്തി വാക്സിൻ നൽകാനുള്ള സംവിധാനമൊരുക്കണം. ജില്ലാ കലക്ടർമാർ, ജില്ലാ ചുമലയുള്ള മന്ത്രിമാർ എന്നിവർ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികളെ വിളിച്ച് ഇക്കാര്യം ബോധ്യപ്പെടുത്തണം. വാർഡ്തല സമിതികളും മറ്റ് വകുപ്പുകളും ചേർന്ന് ആവശ്യമായ നടപടികൾ എടുത്ത് വാക്സിനേഷൻ പൂർത്തീകരിക്കാൻ ശ്രദ്ധിക്കണം.

സിഎഫ്എൽടിസി, സിഎസ്എൽടിസി എന്നിവ ആവശ്യമെങ്കിൽ മാത്രം നില നിർത്തിയാൽ മതിയെന്ന് യോഗം തീരുമാനിച്ചു. സ്കൂളുകളിൽ കോവിഡ് ബാധ ഉണ്ടായാൽ പ്രത്യേകം ശ്രദ്ധിക്കണം. കോവിഡ് ധനസഹായ വിതരണം പെട്ടെന്ന് പൂർത്തീകരിക്കാനും മുഖ്യമന്ത്രി യോഗത്തിൽ നിർദ്ദേശിച്ചു.

# ഊർജ സംരക്ഷണ സെമിനാർ

ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി ദേശീയ ഊർജ്ജസംരക്ഷണ ദിനവുമായി ബന്ധപ്പെട്ട് എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) ഊർജ്ജസംരക്ഷണ സെമിനാറുകൾ സംഘടിപ്പിക്കുന്നു.

വൈദ്യുത വാഹനങ്ങളും പാചകവും പ്രചരിപ്പിക്കുന്നതിനായുള്ള 'ഗോ ഇലക്ട്രിക് ക്യാമ്പയിൽ' മുൻനിർത്തിയാണ് സെമിനാറുകൾ. സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യവസായിക സംരംഭങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, മറ്റ് സ്വകാര്യ സംരംഭങ്ങൾ എന്നിവയ്ക്ക് സംഘാടകരാകാൻ അവസരം ലഭിക്കും. ബോധവൽക്കരണ സെമിനാറുകൾ നടത്തുന്ന സംഘാടകർക്ക് ഇ. എം. സി. സാമ്പത്തിക സഹായം ലഭ്യമാക്കും. കൂടുതൽ വിവരങ്ങൾ www.k-er-a-l-a-en-er-gy.gov.in വെബ് സൈറ്റിൽ ലഭിക്കും.

## ഇതര സംസ്ഥാനക്കാരായ സെക്യൂരിറ്റി ജീവനക്കാരുടെ വിവരം റിപ്പോർട്ട് ചെയ്യണം

സംസ്ഥാനത്തു പ്രവർത്തിക്കുന്ന മുഴുവൻ സ്വകാര്യ സുരക്ഷാ ഏജൻസികളും സ്ഥാപനത്തിന് കീഴിൽ ജോലി ചെയ്യുന്ന അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള സെക്യൂരിറ്റി ജീവനക്കാരുടെ വിവരം, നിയമാനുസൃത ആയുധ ലൈസൻസ് ഉള്ളവരാണോ എന്നതിൽ വ്യക്തത വരുത്തി ഫോട്ടോ ഉൾപ്പെടെയുള്ള തിരിച്ചറിയൽ രേഖ സഹിതം സമീപത്തെ പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യണം.

# സീറ്റൊഴിവ്

ഐ. എച്. ആർ. ഡി യുടെ കല്ലൂപ്പാറ എൻജിനീയറിങ് കോളേജിൽ ഒന്നാം വർഷ ബി ടെക് കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിങ് (സൈബർ സെക്യൂരിറ്റി), ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ എൻജിനീയറിങ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനീയറിങ് ബ്രാഞ്ചുകളിൽ സീറ്റൊഴിവ്.

കെ. ഇ. എ. എം. (മെയിൻ & സപ്ലിമെന്ററി) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ പരിഗണിക്കും. ഉദ്യോഗാർത്ഥികൾ റാങ്ക്, യോഗ്യത സർട്ടിഫിക്കറ്റുകളുമായി കോളജിൽ ഹാജരാകണം. വിശദവിവരങ്ങൾ www.c-e-k.a-c.in വെബ്സൈറ്റിലും 04692677890, 8547005034, 9447402630 നമ്പരിലും ലഭിക്കും.

# വിലക്കയറ്റം തടയാൻ പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തും: ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ

വിലക്കയറ്റം തടയാൻ പൊതുവിതരണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു.

വെള്ളപ്പൊക്കം മൂലമുണ്ടായ പച്ചക്കറികളുടെയും മറ്റ് അവശ്യ സാധനങ്ങളുടെയും വിലക്കയറ്റമാണ് ഇന്ന് പ്രധാനമായുമുള്ളത്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ രാജ്യത്തെ വിലക്കയറ്റത്തെ സംബന്ധിച്ച് കഴിഞ്ഞ ദിവസങ്ങളിൽ ആശങ്ക പ്രകടിപ്പിച്ചിരുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ പൊതുവിതരണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ കൈക്കൊള്ളും.

കോവിഡിനു ശേഷമുള്ള പല മാറ്റങ്ങളും വിപണിയെ വലിയ രീതിയിൽ സ്വാധീനിച്ചിട്ടുണ്ട്. വിലക്കയറ്റം മറ്റ് സംസ്ഥാനങ്ങളും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ്.

വിലക്കയറ്റം തടയാൻ കേന്ദ്രത്തിന്റെ ഇടപെടൽ അത്യാവശ്യമാണ്. ജി.എസ്.ടി നിയന്ത്രണങ്ങൾ ഉൾപ്പെടെയുള്ള പല കാര്യങ്ങളും കേന്ദ്ര സർക്കാർ നിയന്ത്രണത്തിലാണുള്ളത്. ഇതുമൂലം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാർ മനസ്സിലാക്കി ക്രിയാത്മകമായ ഇടപെടൽ നടത്തുമെന്നാണ് വിശ്വസിക്കുന്നതെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

"കൂട്ടിയവർ കുറയ്ക്കട്ടെ" എന്ന സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ശരിവയ്ക്കുന്നതാണ് കേന്ദ്ര സർക്കാരിന്റെ കാർഷിക നിയമം പിൻവലിച്ച നടപടി. ജനങ്ങളുടെ എതിർപ്പുകൾ കേന്ദ്ര സർക്കാർ മനസ്സിലാക്കി ഗൗരവമായി ചർച്ച ചെയ്ത് പരിഹാരം കാണുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

# എം.ടെക് പ്രവേശനം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന 2021-22 ലെ എം.ടെക്/എം.ആർക് പ്രവേശനത്തിന്റെ രണ്ടാമത്തെ അലോട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ലിസ്റ്റും അനുബന്ധ വിവരങ്ങളും മറാശൈശീ.റലേസല്യമഹമ.ഴീ.ശി ൽ ലഭ്യമാണ്. ലിസ്റ്റിൽ പുതുതായി ഉൾപ്പെട്ടവർക്ക് നവംബർ 22 വൈകുന്നേരം അഞ്ച് മണി വരെ ഫീസടയ്ക്കാം. നവംബർ 23, 24 തീയതികളിൽ അതത് കോളേജുകളിലെത്തി പ്രവേശനം നേടണം.

# സ്പോട്ട് അഡ്മിഷൻ

2021-22 ഒന്നാം വർഷ ഹയർ സെക്കണ്ടറി (വൊക്കേഷണൽ) ഏകജാലക സംവിധാനത്തിലൂടെയുള്ള പ്രവേശന പ്രക്രിയയിൽ വെയിറ്റിങ് ലിസ്റ്റ് പ്രകാരമുള്ള സ്പോട്ട് അഡ്മിഷൻ 26ന് വൈകിട്ട് നാലിന് പൂർത്തിയാകും. ഒഴിവുകൾ നികത്തുന്നതിന് നിലവിലുള്ള അപേക്ഷകരെ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ട് ം.മറാശൈശീ.റഴല.സല്യമഹമ.ഴീ.ശി ലെ ഒശഴവല്യ ടലരീിറമ്യ്യ (ഢീരമശേീിമഹ) അറാശൈശീ എന്ന ലിങ്കിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ ഓപ്ഷനിലുള്ള സ്കൂളിലെ ഒഴിവ് പരിശോധിച്ച ശേഷം സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ട് സർട്ടിഫിക്കറ്റുകളും അനുബന്ധ രേഖകളും ഹാജരാക്കി സ്ഥിര പ്രവേശനം നേടണം.

# വിവരാവകാശ നിയമം സൗജന്യ പരിശീലനം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ (ഐ.എം.ജി) ആഭിമുഖ്യത്തിൽ നടത്തുന്ന വിവരാവകാശ നിയമം സൗജന്യ പരിശീലനത്തിന്റെ രജിസ്ട്രേഷൻ 24 മുതൽ ഡിസംബർ രണ്ടു വരെ ഓൺലൈനിൽ നടത്താം. തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തികളെ ഇ-മെയിൽ മുഖേന അറിയിക്കും. കൂടുതൽ വിവരങ്ങൾക്ക്: h-ttp//:r-ti.im-g.k-er-a-l-a.gov.in.

# പുരസ്കാര വിതരണം

സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പരിസ്ഥിതി സംരക്ഷണ രംഗത്തും ജൈവവൈവിധ്യ സംരക്ഷണ രംഗത്തും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന വ്യക്തികളെയും സംഘടനകളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും മാധ്യമപ്രവർത്തകരെയും ആദരിക്കുന്നതിനായി ഏർപ്പെടുത്തിയ കേരള സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ പുരസ്കാര വിതരണം 25 ന് വൈകുന്നേരം 5 ന് തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ചടങ്ങിൽ തദ്ദേശ സ്വയംഭരണ മന്ത്രി എം വി ഗോവിന്ദൻ അധ്യക്ഷത വഹിക്കും. വിവിധ വിഭാഗങ്ങളിലായി പതിമൂന്ന് പുരസ്കാരങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ബി.എം.സികൾക്ക് പരിശീലനം നൽകുന്നതിന് തയ്യാറാക്കിയ 'ജൈവവൈവിധ്യ സംരക്ഷണ പരിപാലനം ജനങ്ങളിലൂടെ സാധ്യതകളും നിയമവും' എന്ന കൈപുസ്തകത്തിന്റെ പ്രകാശനവും നടക്കും. പരിസ്ഥിതി വകുപ്പ് അഡി. ചീഫ് സെക്രട്ടറി ഡോ. വേണു, കെ.എസ്.ബി.ബി ചെയർമാൻ ഡോ. സി. ജോർജ് തോമസ്, ബോർഡ് അംഗങ്ങളായ ഡോ. കെ. സതീഷ്കുമാർ, ഡോ. സ്വപ്ന റ്റി.എസ്, ഡോ. കെ. റ്റി. ചന്ദ്രമോഹനൻ, കെ. വി ഗോവിന്ദൻ എന്നിവർ പങ്കെടുക്കും.

## ട്രേഡ്സ്മാൻ അഭിമുഖം

നെടുമങ്ങാട് സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ ഇലക്ട്രിക്കൽ, കാർപ്പെന്ററി, ടൂ & ത്രീ വീലർ മെയിന്റനൻസ് ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികകളിൽ താത്ക്കാലിക (ദിവസവേതന അടിസ്ഥാനത്തിൽ) ഒഴിവുണ്ട്. ടിഎച്ച്എസ്എൽസി അല്ലെങ്കിൽ എസ്എസ്എൽസിയും ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ഐറ്റിഐ / വിഎച്ച്എസ്ഇ / കെജിസിഇ സർട്ടിഫിക്കറ്റുമാണ് യോഗ്യത. യോഗ്യത സർട്ടിഫിക്കറ്റുകൾ, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകൾ എന്നിവയുടെ അസൽ അഭിമുഖത്തിന് ഹാജരാക്കണം. വിശദവിവരങ്ങൾക്ക്: 0472 2812686.



ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന മാലാഖക്കൂട്ടം പദ്ധതിയുടെ ഉദ്ഘാടനത്തിനെത്തിയ മന്ത്രി കെ. രാധാകൃഷ്ണൻ നഴ്സുമാർക്കൊപ്പം




കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ക്രിസ്തുമസ് ന്യു ഇയർ ബംമ്പർ ടിക്കറ്റ് ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജുവിന് നൽകി പ്രകാശനം ചെയ്യുന്നു. സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ജോയിന്റ് ഡയറക്ടർ സുചിത്ര കൃഷ്ണൻ സമീപം

# സാമൂഹിക ഐക്യത്തിലൂടെ താഴത്തട്ടിലുള്ളവരെ മുഖ്യധാരയിലേക്ക് ഉയർത്തണം: മന്ത്രി കെ.രാധാകൃഷ്ണൻ

സാമൂഹിക ഐക്യത്തിലൂടെ താഴെത്തട്ടിലുള്ളവരെ മുഖ്യധാരയിലേക്ക് ഉയർത്തേണ്ടത് പൊതുസമൂഹത്തിന്റെ കടമയാണെന്ന് പട്ടികജാതിപട്ടികവർഗ്ഗ വികസനദേവസ്വം വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ.

പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിന് സാമൂഹ്യ ഇടപെടൽ ആവശ്യമാണെന്നും ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന മാലാഖക്കൂട്ടം പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കവെ അദ്ദേഹം പറഞ്ഞു. സാധാരണക്കാരുടെ ജീവിത നിലവാരം ഉയർത്താൻ ത്രിതല പഞ്ചായത്തുകൾക്ക് കഴിയണം.

ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ നൽകുന്ന പദ്ധതി വിജയകരമായി പൂർത്തിയാക്കി വരുന്നു.

സാധാരണക്കാരായ ജനങ്ങൾക്ക് വേണ്ടി നൂതന പദ്ധതികൾ ജില്ലാ പഞ്ചായത്ത് തലത്തിൽ നടത്തുന്നത് മാതൃകാപരമാണ് എന്നും മന്ത്രി കൂട്ടിച്ചേർത്തു.

ജനറൽ/ബി.എസ്.സി നേഴ്സിങ് പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിൽപെട്ട വനിതകൾക്ക് ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ രണ്ടുവർഷത്തേക്ക് സ്റ്റൈപ്പന്റോടെ നിയമനം നൽകുകയാണ് മാലാഖക്കൂട്ടം പദ്ധതിയിലൂടെ.

ആദ്യഘട്ടമായി 100 പേർക്കാണ് നിയമനം. നിയമനം നൽകിയവർക്കുള്ള ഉത്തരവുകൾ മന്ത്രി കൈമാറി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം. കെ.ഡാനിയേൽ അധ്യക്ഷനായി.

ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അനിൽ എസ്. കല്ലേലിഭാഗം, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. സുമലാൽ, സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷരായ ഡോ. പി. കെ ഗോപൻ, ജെ. നജ്ബത്ത്, വസന്ത രമേശ്, പട്ടികജാതി വികസന ഓഫീസർ എസ്. എസ്. ബീന, പഞ്ചായത്ത് സെക്രട്ടറി കെ.പ്രസാദ്, ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോ. വസന്ത് ദാസ്, വിക്ടോറിയ ആശുപത്രി സൂപ്രണ്ട് ഡോ. കൃഷ്ണവേണി, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# മെഡിക്കൽ കോളേജ് സംഭവം ആവർത്തിക്കാതിരിക്കാൻ കർശന നടപടി: മന്ത്രി വീണാ ജോർജ്

## ആവശ്യമെങ്കിൽ സെക്യൂരിറ്റി ഏജൻസിയുമായുള്ള കരാർ റദ്ദാക്കാൻ നിർദേശം

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗികളുടെ കൂട്ടിരിപ്പുകാരെ സെക്യൂരിറ്റി ജീവനക്കാർ മർദിച്ച സംഭവം ആവർത്തിക്കാതിരിക്കാൻ കർശന നടപടി സ്വീകരിക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ആശുപത്രി സൂപ്രണ്ടിന് നിർദേശം നൽകി. സംഭവവുമായി ബന്ധപ്പെട്ടുള്ള സെക്യൂരിറ്റി ജീവനക്കാരെ ഏജൻസി സസ്പെൻഡ് ചെയ്തിരുന്നു. ഇവർക്കെതിരെ പോലീസ് കേസെടുത്തിട്ടുമുണ്ട്.

ഇതുകൂടാതെ സെക്യൂരിറ്റി ജീവനക്കാരെ നൽകിയ ഏജൻസിക്ക് അടിയന്തരമായി നോട്ടീസയച്ച് ആവശ്യമെങ്കിൽ ഈ ഏജൻസിയുമായുള്ള കരാർ റദ്ദാക്കാനും മന്ത്രി നിർദേശം നൽകി.

നിലവിൽ മെഡിക്കൽ കോളേജിലെ സെക്യൂരിറ്റി ഓഫീസറുടെ കീഴിലായിരുന്നില്ല സെക്യൂരിറ്റി ജീവനക്കാർ പ്രവർത്തിച്ചിരുന്നത്. എന്നാൽ, ഇനിമുതൽ എല്ലാ സെക്യൂരിറ്റി ജീവനക്കാരും റിപ്പോർട്ടിംഗും ദൈനംദിന പ്രവർത്തനങ്ങളും മെഡിക്കൽ കോളേജിലെ സെക്യൂരിറ്റി ഓഫീസറുടെ കീഴിൽ നടത്താനും സെക്യൂരിറ്റി ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകാനും മന്ത്രി നിർദേശിച്ചു.

# ഇന്ത്യൻ പനോരമ നോൺഫീച്ചർ വിഭാഗത്തിലെ ഉദ്ഘാടന ചിത്രമായ വേദ്ദി വിഷനറി

ഗോവയിൽ നടക്കുന്ന 52 ാമത് ഇന്ത്യയുടെ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ ഇന്ത്യൻ പനോരമ വിഭാഗം കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി ശ്രീ അനുരാഗ് സിംഗ് താക്കൂർ ഉദ്ഘാടനം ചെയ്തു.

ഹിമാചൽ പ്രദേശ് ഗവർണർ ശ്രീ രാജേന്ദ്ര വിശ്വനാഥ് അർലേക്കറും ചടങ്ങിൽ സന്നിഹിതരായിരുന്നു.

ഈ വർഷത്തെ ഇന്ത്യൻ പനോരമ 2021 വിഭാഗത്തിന് കീഴിലുള്ള 24 ഫീച്ചർ & 20 നോൺഫീച്ചർ സിനിമകളെ ചടങ്ങിൽ പ്രേക്ഷകർക്ക് പരിചയപ്പെടുത്തി.

ഹിമാചൽ പ്രദേശ് ഗവർണർ ശ്രീ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, കേന്ദ്ര മന്ത്രിയും, സെംഖോർ (ഫീച്ചർ), വേദ് ദി വിഷനറി (നോൺ ഫീച്ചർ) എന്നീ ചിത്രങ്ങളുടെ സംവിധായകരെയും അഭിനേതാക്കളെയും അണിയറപ്രവർത്തകരെയും അഭിനന്ദിക്കുകയും അവർക്ക് പങ്കാളിത്ത സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു.

ചലച്ചിത്ര പ്രവർത്തകരെ അഭിനന്ദിച്ചുകൊണ്ട് കേന്ദ്രമന്ത്രി പറഞ്ഞു, "നിങ്ങൾ എല്ലാവരും രാജ്യത്തിന്റെ വിദൂര കോണുകളിൽ നിന്ന് കഥകൾ കൊണ്ടുവരാൻ ശ്രമിക്കുകയും കഷ്ടപ്പെടുകയും ചെയ്തു.

ഇപ്പോൾ, ഉള്ളടക്കം രാജാവാണ്, നിങ്ങൾ ശരിയായ ഉള്ളടക്കം സൃഷ്ടിക്കുകയാണെങ്കിൽ, അത് ദേശീയ തലത്തിലേക്ക് മാത്രമല്ല, അന്താരാഷ്ട്ര തലത്തിലേക്കും പോകും. നിങ്ങൾക്കിടയിൽ കഴിവുകൾ ഉണ്ട്, നിങ്ങളുടെ എല്ലാ സഹായവും ഉണ്ടെങ്കിൽ നമുക്ക് ഐ എഫ് എഫ് ഐ യെ പുതിയ ഉയരങ്ങളിലേക്ക് കൊണ്ടുപോകും. ഗോവയുടെ തീരത്ത് ഐഎഫ്എഫ്ഐ എത്തിക്കുന്നതിൽ നിർണായക പങ്കുവഹിച്ച അന്തരിച്ച മനോഹർ പരീക്കറെയും അദ്ദേഹം അനുസ്മരിച്ചു.

ചലച്ചിത്ര മേളകളിൽ അഭിനേതാക്കൾക്കും സംവിധായകർക്കും നിർമ്മാതാക്കൾക്കും മാത്രമേ അവാർഡ് നൽകാറുള്ളൂവെന്നാണ് നേരത്തെ നാം കണ്ടിരുന്നത് , എന്നാൽ ഇപ്പോൾ നാം സാങ്കേതിക വിദഗ്ധരെയും ബഹുമാനിക്കുന്നു, ഒരു സിനിമ പൂർത്തിയാക്കിയതിന്റെ പശ്ചാത്തലത്തിൽ.

അന്താരാഷ്ട്ര ചലച്ചിത്ര പ്രവർത്തകരോട് ഇന്ത്യയിൽ വന്ന് ചിത്രീകരണം നടത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ഇന്ത്യൻ പനോരമ വിഭാഗത്തിൽ പ്രദർശിപ്പിച്ച ഫീച്ചർ ഫിലിം വിഭാഗത്തിലെ ആദ്യ ചിത്രമായ സെംഖോർ, ഈ വിഭാഗത്തിൽ പ്രദർശിപ്പിക്കുന്ന ആദ്യത്തെ ദിമാസ ഭാഷാ ചിത്രമാണ്. ചിത്രത്തിന് ലഭിച്ച അംഗീകാരത്തിനും അംഗീകാരത്തിനും ഐഎഫ്എഫ്ഐയുടെ സംവിധായകൻ ഐമി ബറുവ നന്ദി പറഞ്ഞു.

സെംഖോർ എന്ന സിനിമ സാമൂഹിക വിലക്കുകൾ കൈകാര്യം ചെയ്യുന്നുണ്ടെന്നും സിനിമയിലൂടെ ആസാമിലെ ദിമാസ സമൂഹം അഭിമുഖീകരിക്കുന്ന പോരാട്ടങ്ങളെ പുറത്തുകൊണ്ടുവരാനാണ് താൻ ശ്രമിച്ചതെന്നും അവർ കൂട്ടിച്ചേർത്തു.

ഫീച്ചർ, നോൺ ഫീച്ചർ ഫിലിമുകളിലെ ജൂറി അംഗങ്ങൾക്കും പങ്കാളിത്ത സർട്ടിഫിക്കറ്റ് നൽകി ആദരിച്ചു.

# ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് പരിശോധന ശക്തമാക്കി ഭക്ഷ്യ സുരക്ഷാ വകുപ്പ്

മണ്ഡല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പ് പ്രത്യേക പരിശോധന ഊർജ്ജിതപ്പെടുത്തി.

തീർത്ഥാടകർ കൂടുതലായി എത്തുന്ന കേന്ദ്രങ്ങളായ നിലയ്ക്കൽ, എരുമേലി, ളാഹ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ ഹോട്ടലുകൾ, തട്ടുകടകൾ, ബേക്കറികൾ, ചിപ്സ് സ്റ്റാളുകൾ, നിർമാണ യൂണിറ്റുകൾ തുടങ്ങി എല്ലായിടത്തും പരിശോധന നടക്കുന്നു. കഴിഞ്ഞ ദിവസങ്ങളിൽ കുമളി, പീരുമേട്, പരുന്തുംപാറ പ്രദേശങ്ങളിൽ വിവിധ കടകളിൽ നടത്തിയ പരിശോധനകളിൽ നോട്ടീസ് നൽകുകയും ഭക്ഷ്യ സുരക്ഷ ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാതെ പ്രവർത്തിക്കുന്ന കടകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തു.

വൃത്തിഹീനമായി പ്രവർത്തിച്ചിരുന്ന കുമളിയിലെ ബെറ്റർ ബേക്കറിക്ക് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകി. കാലാവധി കഴിഞ്ഞ പാക്കറ്റ് പാൽ വിൽപ്പനക്കായി വച്ചതിന് നടപടി എടുത്തു. പല ഭക്ഷ്യ വസ്തുക്കളും തുറന്നുവെച്ചിരിക്കുന്നതായി കണ്ടെത്തി. കുമളിയിലെ ചിപ്സ് വില്പന നടത്തുന്ന സ്ഥാപനങ്ങളിലും പരിശോധന നടത്തി. സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ചിപ്സ് തയ്യാറാക്കുന്ന വെളിച്ചെണ്ണയിലെ മായം കണ്ടെത്താൻ സാമ്പിളുകൾ ശേഖരിച്ച് പത്തനംതിട്ട ഫുഡ് ടെസ്റ്റിംഗ് ലാബിലേക്ക് അയച്ചു.


പമ്പ, നിലയ്ക്കൽ, എരുമേലി കേന്ദ്രീകരിച്ചു പ്രത്യേക പരിശോധനകൾ നടത്തുന്നുണ്ട്. നിലയ്ക്കലിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ സഞ്ചരിക്കുന്ന ലബോറട്ടറിയും പ്രവർത്തിക്കുന്നുണ്ട്. കുടിവെള്ളവും ഇതിൽ പരിശോധിക്കുന്നുണ്ട്.

ശബരിമല മണ്ഡലകാലം പ്രമാണിച്ച് താല്കാലികമായി പ്രവർത്തിക്കുന്ന ഭക്ഷ്യോൽപാദന വിതരണ കേന്ദ്രങ്ങൾക്കും ഹോട്ടലുകൾ / തട്ടുകടകൾ / റെസ്റ്ററന്റുകൾ എന്നിവയ്ക്കും ഭക്ഷ്യ സുരക്ഷാ ലൈസൻസ് രജിസ്ട്രേഷൻ നിർബന്ധമാണ്.

വരും ദിവസങ്ങളിൽ ഭക്ഷ്യ സുരക്ഷാ, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി വകുപ്പുകളുടെ സംയുക്ത പരിശോധന നടക്കും.

ഭക്ത ജനങ്ങൾക്ക് ശബരിമലയിൽ ലഭ്യമാവുന്ന ഭക്ഷണ സാധനങ്ങളെക്കുറിച്ച് പരാതിയുണ്ടെങ്കിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന 08592999666 എന്ന ടോൾ ഫ്രീ നമ്പറിലും, ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ടോൾ ഫ്രീ നമ്പർ 1800 425 1125 ലും അറിയിക്കാം.

# സംസ്ഥാനത്ത് ഇന്ന് 3698 പേർക്ക് കോവിഡ്



തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 3698 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. എറണാകുളം 873, കോഴിക്കോട് 740, തിരുവനന്തപുരം 621, തൃശൂർ 521, കണ്ണൂർ 361, കോട്ടയം 343, കൊല്ലം 307, ഇടുക്കി 276, വയനാട് 228, പത്തനംതിട്ട 206, മലപ്പുറം 203, പാലക്കാട് 175, ആലപ്പുഴ 143, കാസർഗോഡ് 83 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 53,892 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ പത്തിന് മുകളിലുള്ള 39 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 46 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,92,768 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്.

ഇവരിൽ 1,87,604 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും 5,164 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 269 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 58,088 കോവിഡ് കേസുകളിൽ, 7.2 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 40 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്.

ഇതുകൂടാതെ സുപ്രീം കോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 156 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇതോടെ സംസ്ഥാനത്തെ ആകെ മരണം 37,495 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 28 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 4,776 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 252 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 24 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 7,908 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 1392, കൊല്ലം 741, പത്തനംതിട്ട 560, ആലപ്പുഴ 278, കോട്ടയം 526, ഇടുക്കി 514, എറണാകുളം 874, തൃശൂർ 938, പാലക്കാട് 283, മലപ്പുറം 178, കോഴിക്കോട് 683, വയനാട് 451, കണ്ണൂർ 397, കാസർഗോഡ് 93 എന്നിങ്ങനേയാണ് രോഗമുക്തിയായത്.

ഇതോടെ 58,088 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 50,04,786 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

# സംസ്ഥാനത്ത് 6450 പേർ കൂടി സിവിൽ ഡിഫൻസ് ഫോഴ്സിന്റെ ഭാഗമാകും: മുഖ്യമന്ത്രി

സംസ്ഥാനത്ത് 6450 പേർ കൂടി അടുത്ത ഘട്ടമായി സിവിൽ ഡിഫൻസ് ഫോഴ്സിന്റെ ഭാഗമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന ഫയർഫോഴ്സ് ഉദ്യോഗസ്ഥരുടെ പാസിംഗ് ഔട്ട് പരേഡിൽ സല്യൂട്ട് സ്വീകരിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഏറ്റവും വലിയ പ്രത്യേകത 30 ശതമാനം വനിതകളെ ഇതിൽ ഉൾപ്പെടുത്തിയെന്നതാണ്. അപകടപ്രദേശങ്ങളിലെ കുടുംബാംഗങ്ങളെ രക്ഷിക്കുന്നതിന് ഇത് വലിയ സഹായമാണ്. സിവിൽ ഡിഫൻസ് ഫോഴ്സ് പൂർണ സജ്ജമാകുന്നതോടെ അപകട രക്ഷാ പ്രതിരോധ പ്രവർത്തനങ്ങൾ പതിൻമടങ്ങ് കരുത്താർജിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. പുതിയ കാലഘട്ടത്തിലെ വെല്ലുവിളി നേരിടാൻ മികച്ച രക്ഷാപ്രവർത്തനം കാഴ്ച വയ്ക്കാനാവണം. ഇതിന് സേനയെ ആധുനികവത്ക്കരിക്കേണ്ടത് പ്രധാനമാണ്. ഇതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. അഗ്നിശമന സേനയുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് സർക്കാർ പ്രധാനമായും ശ്രദ്ധിക്കുന്നത്. 49 പേരാണ് പുതിയതായി അഗ്നിശമന സേനയുടെ ഭാഗമായത്. ഇതിൽ നാലു പേർ എൻജിനിയറിങ് ബിരുദധാരികളും 21 പേർ ബിരുദധാരികളും നാല് ഡിപ്ളോമക്കാരും ഐ. ടി. ഐ പാസായ അഞ്ചു പേരും ഉൾപ്പെടുന്നു. പ്രളയ കാലത്തും കാലവർഷം മൂലമുണ്ടായ പ്രകൃതി ദുരന്തങ്ങളിലും കോവിഡ് മഹാമാരിയുടെ വേളയിലും അഗ്നിശമന സേന സ്തുത്യർഹമായ സേവനം കാഴ്ചവച്ചതായി മുഖ്യമന്ത്രി പറഞ്ഞു. ഫയർഫോഴ്സിന്റെ പുതിയ വാഹനങ്ങൾ അദ്ദേഹം ഫ്ളാഗ്ഓഫ് ചെയ്തു.

# നിയമം പിൻവലിക്കുംവരെ സമരം തുടരുമെന്ന് കർഷകർ

ന്യൂഡൽഹി: വിവാദ കാർഷിക നിയമങ്ങൾ പിൻവലിക്കുംവരെ സമരം തുടരുമെന്ന് കർഷകർ. സംയുക്ത കിസാൻ മോർച്ച യോഗത്തിലാണ് തീരുമാനം. മിനിമം താങ്ങുവില സംബന്ധിച്ച നിയമം കൊണ്ടുവരണമെന്നും കർഷകർക്കെതിരെ ചുമത്തിയ പോലീസ് കേസുകൾ പിൻവലിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

സംയുക്ത കിസാൻ മോർച്ചയുടെ മുൻകൂട്ടി തീരുമാനിച്ച പരിപാടികൾ അതേപടി തുടരും. തങ്ങളുടെ ആവശ്യങ്ങൾ ഉന്നയിച്ച് പ്രധാനമന്ത്രിക്ക് തുറന്ന കത്തെഴുതുമെന്നും കർഷക നേതാക്കൾ അറിയിച്ചു. കേന്ദ്രസർക്കാർ ചർച്ചയ്ക്കു തയാറാണെന്ന് അറിയിച്ചതിൻറെ അടിസ്ഥാനത്തിലാണ് കത്ത് എഴുതുന്നത്.

ഇന്നലെ ചേർന്ന കർഷക സംഘടനകളുടെ കോർ കമ്മിറ്റി യോഗത്തിൽ സമരവുമായി മുന്നോട്ടു പോകാൻ കർഷക സംഘടനകൾ തീരുമാനിച്ചിരുന്നു. പാർലമെൻറിൽ ബില്ലവതരിപ്പിച്ചു നിയമം പിൻവലിക്കുന്നതുവരെ സമരസ്ഥലങ്ങളിൽ തുടരും. തങ്ങൾ ഉന്നയിച്ച മറ്റ് ആവശ്യങ്ങൾകൂടി സർക്കാർ അംഗീകരിക്കണമെന്നും കർഷക നേതാക്കൾ പറഞ്ഞു.

ലക്നോയിൽ പ്രഖ്യാപിച്ച മഹാപഞ്ചായത്ത് 22നു തന്നെ നടത്തും. കർഷകസമരത്തിന് ഒരു വർഷം പൂർത്തിയാകുന്ന 26ന് ഡൽഹി അതിർത്തികളിലെ സമ രവേദികളായ സിംഗു, തിക്രി എന്നിവിടങ്ങളിൽ പ്രത്യേക പ്രതിഷേധങ്ങൾ സംഘടിപ്പിക്കുമെന്നും കർഷകർ വ്യക്തമാക്കി.

29ന് പാർലമെൻറ് സമ്മേളനം ആരംഭിക്കുന്ന അന്നു മുതൽ പാർലമെൻറിലേക്ക് നടത്തുന്ന ട്രാക്ടർ റാലിയിൽ ഓരോ ദിവസവും 500 കർഷകർ വീതം പങ്കെടുക്കുമെന്നും റാലി സമാധാനപരമായി നടത്താനാണ് ആഗ്രഹിക്കുന്നതെന്നും കർഷകർ നേരത്തെ വ്യക്തമാക്കിയിരുന്നു.

# താൽക്കാലിക ഒഴിവ്

ഐ. എച്ച്. ആർ. ഡിയുടെ കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക് കോളേജിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ, ട്രേഡ്സ്മാൻ ഇലക്ട്രോണിക്സ്, ഡേറ്റാഎൻട്രി ഓപ്പറേറ്റർ, ഡെമോൺസ്ട്രേറ്റർ ഇൻ ഇലക്ട്രിക്കൽ തസ്തികകളിലേക്ക് താൽക്കാലിക ഒഴിവ്. കമ്പ്യൂട്ടർ പ്രോഗ്രാമർപി. ജി. ഡി. സി. എ/ബി. എസ്. സി. കമ്പ്യൂട്ടർ സയൻസ്, ട്രേഡ്സ്മാൻഇലക്ട്രോണിക്സ് എൻ. സി. വി. റ്റി അംഗീകാരമുള്ള ഇലക്ട്രോണിക്സ് കോഴ്സ്, ഡേറ്റാഎൻട്രി ഓപ്പറേറ്റർ സി. ഒ. പി. എ, ഡെമോൺസ്ട്രേറ്റർ ഇൻ ഇലക്ട്രിക്കൽ ഒന്നാംക്ലാസ് ഡിപ്ലോമ ഇൻ ഇലക്ട്രിക്കൽ എൻജിനീയറിങ് എന്നിവയാണ് യോഗ്യതകൾ. ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക് കോളേജിന്റെ മാളിയേക്കൽ ജംഗ്ഷനിലുള്ള ഓഫീസിൽ നവംബർ 22ന് പകൽ പത്തിന് ഇന്റർവ്യൂവിന് ഹാജരാകണം. വിശദവിവരങ്ങൾ 9447488348 നമ്പരിൽ ലഭിക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.